ഖുത്ബ നമ്പർ
**14**
**06-04-2012**

بسم الله الرحمن الرحيم ○ نحمده ونصلى علىٰ رسوله الكريم ○ وعلىٰ عبده المسيح الموعود

**ജുമുഅ ഖുത്വ്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

**വിവർത്തനം: സുൽത്താൻ നസീർ വാണിയമ്പലം**



# ഖുദ്ദൂസ് സാഹിബിന്റെ ശഹാദത്ത്: വേറിട്ട ശഹാദത്ത്

وَلَا تَحْسَبَنَّ الَّذِيْنَ قُتِلُوْا فِيْ سَبِيْلِ اللّٰهِ اَمْوَاتًا ۭ بَلْ اَحْيَاۗءٌ عِنْدَ رَبِّهِمْ يُرْزَقُوْنَ ۝١٧٠ۙ
فَرِحِيْنَ بِمَآ اٰتٰىھُمُ اللّٰهُ مِنْ فَضْلِهٖ ۙ وَيَسْتَبْشِرُوْنَ بِالَّذِيْنَ لَمْ يَلْحَقُوْا بِهِمْ
مِّنْ خَلْفِھِمْ ۙ اَلَّا خَوْفٌ عَلَيْهِمْ وَلَا ھُمْ يَحْزَنُوْنَ ۝١٧١ يَسْتَبْشِرُوْنَ بِنِعْمَةٍ
مِّنَ اللّٰهِ وَفَضْلٍ ۙ وَّاَنَّ اللّٰهَ لَا يُضِيْعُ اَجْرَ الْمُؤْمِنِيْنَ ۝١٧٢ۚۛ
اَلَّذِيْنَ اسْتَجَابُوْا لِلّٰهِ وَالرَّسُوْلِ مِنْۢ بَعْدِ مَآ اَصَابَھُمُ الْقَرْحُ ڵ لِلَّذِيْنَ اَحْسَنُوْا
مِنْھُمْ وَاتَّقَوْا اَجْرٌ عَظِيْمٌ ۝١٧٣ۚ اَلَّذِيْنَ قَالَ لَھُمُ النَّاسُ اِنَّ النَّاسَ قَدْ جَمَعُوْا
لَكُمْ فَاخْشَوْھُمْ فَزَادَھُمْ اِيْمَانًا ڰ وَّقَالُوْا حَسْبُنَا اللّٰهُ وَنِعْمَ الْوَكِيْلُ ۝١٧٤

(3:170-174)

അല്ലാഹുവിന്റെ മാർഗത്തിൽ കൊല്ലപ്പെട്ടവരെ മരിച്ചവരാണെന്ന് നീ ഒരിക്കലും ധരിക്കരുത് അല്ല അവർ തങ്ങളുടെ രക്ഷിതാവിങ്കൽ ജീവിച്ചിരിപ്പുള്ളവരാണ്. അവർക്ക് ആത്മീയ ആഹാരം നൽകപ്പെടുകയും ചെയ്യുന്നു.

അല്ലാഹു തന്റെ അനുഗ്രഹത്തിൽ നിന്നും അവർക്ക് നൽകിയതിൽ അവർ സന്തുഷ്ടരാണ് അവരുടെ പിന്നിൽ നിന്ന് തങ്ങളോടൊപ്പം വന്നു ചേർന്നിട്ടില്ലാത്തവരെക്കുറിച്ചും അവർ സന്തോഷിക്കുന്നു. കാരണം അവർക്ക് (അവരുടെ പിന്നാലെ വരുന്നവർക്ക്) യാതൊരു ഭയവും ഉണ്ടായിരിക്കുകയില്ല. അവർ വ്യസനിക്കുകയുമില്ല. (എന്ന് അവർക്കറിയാം) അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹവും ഔദാര്യവും നിമിത്തം അവർ സന്തോഷിക്കുന്നു. സത്യവിശ്വാസികളുടെ പ്രതിഫലം അല്ലാഹു പാഴാക്കുകയില്ല എന്നതിലും (അവർ സന്തോഷിക്കുന്നു).

തങ്ങൾക്ക് പരിക്കേറ്റ ശേഷം അല്ലാഹുവിന്റെയും ദൂതന്റെയും വിളിക്കുത്തരം നൽകിയവർ- അവരിൽ നിന്ന് സുകൃതം ചെയ്യുകയും സൂക്ഷ്മത പാലിക്കുകയും ചെയ്തവർക്ക് മഹത്തായ പ്രതിഫലമുണ്ട്.

തീർച്ചയായും (ശത്രു)ജനം നിങ്ങൾക്കെതിരായി സംഘടിച്ചിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ അവരെ ഭയപ്പെടുക എന്ന് ആളുകൾ അവരോട് പറഞ്ഞു. അപ്പോൾ അത് അവർക്ക് സത്യവിശ്വാസത്തെ വർദ്ധിപ്പിച്ചു. ഞങ്ങൾക്ക് അല്ലാഹു മതി, അവൻ ഏറ്റവും നല്ല കാര്യനിർവാഹകനാണ് എന്നു പറയുകയും ചെയ്തവരാണവർ.

പാക്കിസ്ഥാനിൽ പ്രത്യേകിച്ചും മറ്റു ചില രാജ്യങ്ങളിൽ അവരുടെ സ്വാധീനം നിമിത്തവും മുല്ലാക്കളും ഭരണാധികാരികളും കരുതുന്നത് അഹ്മദികൾക്കെതിരിൽ നിയമനിർമ്മാണം നടത്തിക്കൊണ്ട് അവർക്ക് പൗരാവകാശങ്ങൾ നിഷേധിച്ചുകൊണ്ട് അവർക്കായി മനുഷ്യാവകാശത്തിന്റെ എല്ലാ നിയമങ്ങളും പുറംതള്ളിക്കൊണ്ട് അവരെ തീവ്രവാദത്തിന് ഇരയാക്കി, അഹ്മദികളെ വധിക്കാൻ എല്ലാവരക്കും പരസ്യമായ അനുവാദം നൽകിക്കൊണ്ട് അഹ്മദിയ്യത്തിനെ ഇല്ലാതാക്കാൻ സാധിക്കും എന്നാണ്. എന്നാൽ ഇത് അവരുടെ വ്യാമോഹം മാത്രമാണ്. അഹ്മദിയ്യത്ത് അല്ലാഹുവിന്റെ കരങ്ങളാൽ നടപ്പെട്ട ചെടിയാണ്. ഒരു മനുഷ്യപ്രയത്നത്തിനും അതിനെ ഇല്ലാതാക്കാൻ സാധ്യമല്ല. അത് പുഷ്പിക്കുമെന്നും കായ്ക്കുമെന്നും അല്ലാഹു സന്തോഷവാർത്ത നൽകിയിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഒരു ഇൽഹം ഇപ്രകാരമാണ്

*ബുശ്റാ ലക അഹ്മദീ അൻത്ത മുറാദീവ മഈ ഗറസ്ത്തു ലക ഖുദ്റത്തീ ബിയദീ*

*അല്ലയോ എന്റെ അഹ്മദ് നിനക്ക് സന്തോഷവാർത്തയായിരിക്കട്ടെ. നീ എന്റെ ലക്ഷ്യവും എന്നോടൊപ്പവുമാണ്. ഞാൻ എന്റെ കൈകൊണ്ടാണ് നിന്റെ വൃക്ഷം നട്ടിരിക്കുന്നത്.*

ജമാഅത്തിനെ ഇല്ലാതാക്കുന്നതിനുള്ള മാനുഷികമായിട്ടുള്ള പരിശ്രമം തീർച്ചയായും ഉണ്ട്. അത് ഉണ്ടായിക്കൊണ്ടിരിക്കും എന്നാൽ ഈ പരിശ്രമങ്ങൾ കൊണ്ട് അഹ്മദിയ്യാ ജമാഅത്ത് ഇല്ലാതാവുകയില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് ഈ ഇൽഹാം ഉണ്ടായപ്പോൾ അന്ന് അദ്ദേഹത്തിനോടൊപ്പം അദ്ദേഹത്തിന്റെ ബൈഅത്തിന്റെ അനുഗ്രഹം കരസ്ഥമാക്കിയ ഏതാനും പേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇന്ന് അല്ലാഹുവിന്റെ വാഗ്ദാനം എത്രമാത്രം പ്രഭാവത്തോടുകൂടി പൂർത്തിയാകുന്നതായിട്ടാണ് നാം കാണുന്നത്. അഹ്മദിയ്യാ ജമാഅത്ത് ലോകത്തിലെ 200 രാഷ്ട്രങ്ങളിൽ വ്യാപിച്ചിരിക്കുന്നു. കാണുമ്പോൾ അത്ഭുതപ്പെട്ട്പോകുന്ന മുഖ്ലിസായ ആളുകളുടെ ഒരു ജമാഅത്ത് സ്ഥാപിതമായിരിക്കുന്നു. ആരംഭകാലഘട്ടം മുതൽ ഇന്നുവരെയുള്ള പുരോഗതി, അതിൽ എതിരാളികളുടെ എല്ലാവിധത്തിലുമുള്ള പരിശ്രമങ്ങൾ ഉണ്ടായിരുന്നിട്ടും, മാത്രമല്ല ഭരണാധികാരികൾപോലും എതിർപ്പിൽ പങ്കാളികളായിട്ടും ഈ പുരോഗതി മാനുഷികമായ പരിശ്രമങ്ങൾകൊണ്ട് സാധ്യമാണോ? ഈ ഒരു കാര്യം മാത്രം അഹ്മദിയ്യത്തിന്റെ സത്യസാക്ഷ്യത്തിനായി മതിയായതാവേണ്ടതാണ്. ബുദ്ധിയുള്ളവർക്കും വിദ്വേഷത്തിന്റെ മറ കണ്ണുകളിൽ ഇല്ലാത്തവർക്കും ഇത് മതിയായതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈ കാര്യം വിവരിച്ചിട്ടുണ്ട്. ചില ആളുകൾ രംഗപ്രവേശനം ചെയ്തുകൊണ്ട് ഇങ്ങനെ പറയും: മിർസാ സാഹിബ് കള്ളവാദിയാണ് എന്ന് സ്വപ്നത്തിൽ ഞങ്ങളെ അറിയിച്ചിട്ടുണ്ട്; അല്ലെങ്കിൽ ഇൽഹാമിലൂടെ ഞങ്ങളെ അറിയിപ്പ് ലഭിച്ചിട്ടുണ്ട്. എന്നുമാത്രമല്ല, ഹദ്റത്ത് മസീഹ് മൗഊദ് (അ) അന്യമതസ്ഥരുടെയും ഉദാഹരണം നൽകിക്കൊണ്ട് അവരുടെ മതം സത്യമാണ് എന്നും ഇസ്ലാം നഊദുബില്ലാഹ് കളവാണ് എന്നും ഞങ്ങളോട് ദൈവം പറഞ്ഞിരിക്കുന്നു എന്നും വിവരിക്കുകയുണ്ടായി. എന്നാൽ ബൈഅത്ത് ചെയ്ത അനേകം ആളുകൾ ഈ വ്യക്തിയുടെ മസീഹ് മൗഊദ് വാദം സത്യമാണ് എന്ന് ഞങ്ങളോട് അല്ലാഹു പറഞ്ഞിരിക്കുന്നു എന്നും, ഞങ്ങൾക്ക് മാർഗനിർദേശം നൽകിയിരിക്കുന്നു എന്നും സാക്ഷ്യം പറയുന്നു എന്നും ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുകയുണ്ടായി. എന്നുമാത്രമല്ല ഇന്നും നൂറുകണക്കിന് ബൈഅത്തുകൾ സ്വപ്നത്തിൽ മാർഗനിർദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് നടക്കുന്നത്. ഈ കാലഘട്ടത്തിൽ നാമും ഇതിനെല്ലാം സാക്ഷികളാണ്. ഞാൻ ഒരുപാട് സംഭവങ്ങൾ കേൾപ്പിച്ചിട്ടുണ്ട്. ഒരു പക്ഷെ അല്ലാഹു മാർഗ

നിർദേശം നൽകിയ ചിലർ എന്റെ മുമ്പിലും ഇരിക്കുന്നുണ്ടായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇതുസംബന്ധമായി വിശദീകരിക്കുകയുണ്ടായി: ഒരാൾക്ക് ഒന്ന് പറഞ്ഞുകൊടുക്കുകയും, മറ്റൊരാൾക്ക് മറ്റൊന്ന് പറഞ്ഞുകൊടുക്കുകയും അങ്ങനെ വിവിധ ആളുകൾക്ക് വിവിധ തരത്തിൽ മാർഗനിർദേശം നൽകുന്ന ഒരു പാട് ദൈവങ്ങൾ ഉണ്ടാവുക സാധ്യമല്ല. ഇതിനായി ഒരു അളവുകോലുണ്ട്. അതുകൊണ്ട് ആരെങ്കിലും അതനുസരിച്ച് അളക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അളക്കേണ്ടതാണ്. കാരണം ഈ ഒരൊറ്റ അളവുകോൽ മാത്രമാണുള്ളത്. ആ അളവുകോൽ എന്താണെന്ന് ഞാൻ പറഞ്ഞുതരാം. അല്ലാഹുവിന്റെ പെരുമാറ്റം എന്താണ് പറയുന്നതെന്ന് നോക്കുക. സ്വപ്നം പലരും കണ്ടെങ്കിലും അല്ലാഹുവിന്റെ പ്രവർത്തന സാക്ഷ്യം എന്താണെന്നാണ് നോക്കേണ്ടത്. ജമാഅത്തിന്റെ പുരോഗതി നമ്മോട് പറയുന്നത് അല്ലാഹുവിന്റെ പ്രവർത്തനപരമായ സാക്ഷ്യം അഹ്മദിയ്യാ ജമാഅത്തിനോടൊപ്പമാണ്. ഇന്ന് ഖിലാഫത്തിന്റെ കൈകളിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഒരുമിച്ചുകൂടൽ അല്ലാഹുവിന്റെ ഒരു വലിയ പ്രവർത്തന സാക്ഷ്യമാണ്. അന്യരും അംഗീകരിക്കുന്ന വിധത്തിലുള്ള ശരീരേച്ഛയെ മറന്ന്കൊണ്ട് ജീവന്റെയും സമ്പത്തിന്റെയും സമയത്തിന്റെയും ത്യാഗം ചെയ്യൽ അവരെ സംബന്ധിച്ചെടുത്തോളം അല്ലാഹുവിന്റെ പ്രവർത്തന സാക്ഷ്യമല്ലേ. ലോകത്തിലെ അക്രമങ്ങളെല്ലാം തന്നെ സഹിച്ചുകൊണ്ടിരുന്നിട്ടും ഹൃദയങ്ങളെ പരസ്പരം സുദൃഢമാക്കി ബന്ധിപ്പിച്ച് ഒരു സ്ഥലത്ത് ഒരുമിച്ചുകൂട്ടിയിരിക്കുകയാണ്. ഈ ത്യാഗങ്ങളിൽ താൽപര്യം ജനിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

ചുരുക്കത്തിൽ ജമാഅത്തിന്റെ ശക്തിയും അതിന്റെ വ്യാപനവും അതിന്റെ പുരോഗതിയും എതിരാളികളുടെ പരിശ്രമംകൊണ്ട് ഇല്ലാതാവുകയില്ല. അഹ്മദിയ്യത്തിനുവേണ്ടി, പരിശുദ്ധ കലിമക്കുവേണ്ടി, റസൂൽ തിരുമേനിയോടുള്ള സ്നേഹത്തിന് വേണ്ടി, അല്ലാഹുവിന്റെ, അതെ അല്ലാഹുവിന്റെ മാത്രം ദാസനാകുന്നതിനുവേണ്ടി ത്യജിക്കപ്പെടുന്ന ഓരോ ജീവനും പ്രഖ്യാപിക്കുന്നത് നിങ്ങളുടെ കുതന്ത്രങ്ങൾക്കും നിങ്ങളുടെ പരിശ്രമങ്ങൾക്കും നിങ്ങളുടെ അതിക്രമങ്ങൾക്കും അഹ്മദിയ്യാ ജമാഅത്തിന്റെ പുരോഗതിയെ തടയാൻ സാധ്യമല്ല എന്നാണ്.

അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിൽ ഹദ്റത്ത് മൗലവി അബ്ദുറ്റഹ്മാൻ ഖാൻ സാഹിബ് ശഹീദിന്റെയും ഹദ്റത്ത് സാഹിബ് സാദാ അബ്ദുൽ ലത്തീഫ് സാഹിബ് ശഹീദിന്റെയും ശഹാദത്തോട് കൂടി, ജീവത്യാഗങ്ങളുടെ ആരംഭം കുറിക്കപ്പെടുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ് (അ) സാഹിബ് സാദാ സാഹിബിന്റെ ശഹാദത്തിനെ സ്മരിച്ചുകൊണ്ട് പറയുകയുണ്ടായി.ശഹീദ് മർഹൂം മരിച്ചുകൊണ്ട് എന്റെ ജമാഅത്തിനായി ഒരു മാതൃക നൽകി. യഥാർഥത്തിലും എന്റെ ജമാഅത്തിന് ഒരു വലിയ മാതൃക ആവശ്യമുണ്ടായിരുന്നു. പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇതേ കാര്യം സ്മരിച്ചുകൊണ്ട് ശേഷം പറയുന്നു. അല്ലാഹുവിന് ആയിരമായിരം നന്ദി. സത്യഹൃദയത്തോടെ വിശ്വസിക്കുകയും സത്യഹൃദയത്തോട് ഈ മാർഗം അവലംഭിക്കുകയും ഈ മാർഗത്തിനായി എല്ലാ ദുഃഖങ്ങളും സഹിക്കുന്നതിനും തയ്യാറായി നിൽക്കുന്നവരും (അതായത് ജമാഅത്ത് അംഗങ്ങളിൽ) ഉണ്ട്. എന്നാൽ ഈ ധൈര്യശാലി അതായത് സാഹിബ് സാദാ സാഹിബ് പ്രകടമാക്കിയ മാതൃക ഇതുവരെയും ആ ശക്തി ഈ ജമാഅത്തിന്റേത് മറഞ്ഞിരിക്കുകയാണ്. പറയുന്നു. അല്ലാഹു എല്ലാവർക്കും ഈ ശഹീദ് മർഹൂം കാണിച്ച ആ ഈമാൻ പഠിപ്പിക്കുകയും ആ സ്ഥിരചിത്തത നൽകുകയും ചെയ്യട്ടെ.

അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഈ അവസാന വരിയിലുള്ള ദുആ സ്വീകരിക്കുകയുണ്ടായി. ആ സ്ഥിരചിത്തത ഒരുപാട് പേർക്ക് നൽകുകയുണ്ടായി. അതുമുഖേന അവർ തങ്ങളുടെ ജീവന്റെ കാണിക്ക സമയം വന്നപ്പോൾ നൽകി. ആ പൂർവ്വകാല ശുഹദാക്കളുടെ ത്യാഗത്തിന്റെ പരമ്പര പാക്കിസ്ഥാനിലെ അഹ്മദികൾ ഏറ്റവും കൂടുതലായി തുടർന്നുകൊണ്ടിരിക്കുന്നു. നൂറുകണക്കിന് പേർ തങ്ങളുടെ ത്യാഗങ്ങൾ നൽകി. ഓരോ ശഹീദും ഈമാനികമായിട്ടുള്ള ആവേശവും, സ്ഥിരചിത്തതയും പ്രകടിപ്പിക്കുകയുണ്ടായി. ഓരോ അഹ്മദി ശഹീദിനും അവരുടേതായ ഒരു വർണ്ണമുണ്ട്. അതുമുഖേന അവർ തങ്ങളുടെ ജീവന്റെ കാണിക്ക സമർപ്പിക്കുകയുണ്ടായി. അതിൽ ഇന്തോനേഷ്യയിലെ ശഹീദുകളും ഉൾപ്പെടുന്നു. ഇന്ത്യയിലെ ശഹീദുകളും മറ്റു രാജ്യങ്ങളിലെ ശഹീദുകളും ഉൾപ്പെടുന്നു. എന്നാൽ ചിലത് വളരെയധികം വ്യത്യസ്തതയുള്ളതായിരിക്കും.

1974 മുപ്പത് മുപ്പത്തഞ്ച് അഹ്മദികൾ അഹ്മദിയ്യത്തിനെതിരെ ഉണ്ടായ കലാപത്തിൽ ശഹീദാക്കപ്പെടുകയുണ്ടായി. എന്നാൽ ചിലരെ പീഢിപ്പിച്ച് പീഢിപ്പിച്ച് ശഹീദാക്കുകയുണ്ടായി. പിതാവിനെയും പുത്രനെയും ശഹീദാക്കുകയുണ്ടായി. പിതാവിന്റെ മുന്നിൽ പുത്രനെ പീഢിപ്പിച്ചുകൊണ്ടിരുന്നു. പുത്രന്റെ മുന്നിൽ പിതാവിനെ പീഢിപ്പിച്ചുകൊണ്ട് അഹ്മദിയ്യത്തിൽ നിന്ന് തൗബ ചെയ്യുന്നുണ്ടോ അതോ ഇല്ലേ എന്ന് ചോദിച്ചുകൊണ്ടിരിക്കുന്നു. ഇതെല്ലാം ജനങ്ങൾ മാത്രമായിരുന്നില്ല ചെയ്തിരുന്നത്. മറിച്ച് അവിടങ്ങളിലെ പോലീസുകാർ മുന്നിൽ നിന്നുകൊണ്ട് ഈ വിനോദം കാണുകയായിരുന്നു. ഇന്തോനേഷ്യയിൽ പരസ്യമായി പോലീസിന്റെ മേൽനോട്ടത്തിൽ, തീവ്രവാദത്തിന് ഇരയാക്കിക്കൊണ്ട് പോലീസിന്റെയും ഭരണാധികാരികളുടേയും മേൽനോട്ടത്തിൽ പീഢിപ്പിച്ച് അഹ്മദികളെ ശഹീദാക്കുകയുണ്ടായി. എന്നാൽ ഈമാനെ സംരക്ഷിക്കുന്നവരും, സ്ഥിരചിത്തതയുടെ പ്രതിരൂപവുമായിട്ടുള്ളവർ തങ്ങളുടെ ശരീരത്തിലെ ഓരോ കണികകളിലും ഓരോ ഇഞ്ചിലും മുറിവിനെ ഏറ്റുവാങ്ങി. പക്ഷേ ഈമാനെ പാഴാക്കിക്കളഞ്ഞില്ല. പാക്കിസ്ഥാനിലെ നിയമമായാലും ഇന്തോനേഷ്യയിലേതായാലും, മറ്റ് ഏത് രാജ്യത്തിലേതായാലും അഹ്മദികളുടെ ജീവനെ അവർക്ക് അപഹരിക്കാൻ സാധിച്ചേക്കാം. എന്നാൽ അവരുടെ ആത്മാർത്ഥതയെ അപഹരിക്കാൻ സാധ്യമല്ല. ഇപ്പോൾ മലേഷ്യയും ഈ നിയമങ്ങളുടെ അണിയിൽ വരുന്നതായി കേൾക്കാൻ സാധിക്കുന്നു. അല്ല അവരും വന്നിരിക്കും. അവരും പുതിയ ഒരു നിയമം ഉണ്ടാക്കിയിരിക്കുന്നത് പ്രകടമായിക്കൊണ്ടിരിക്കുന്നു. ഇതും പരീക്ഷിച്ചുനോക്കാം. എന്നാൽ ഓർത്തുകൊള്ളുക; അല്ലാഹുവിന്റെ തഖ്ദീർ അതിന്റെ പ്രവർത്തി ആരംഭിക്കുമ്പോൾ കണക്കെടുക്കാൻ ബുദ്ധിമുട്ടായിരിക്കും. പിന്നീട് ഒരു മുല്ലായും ഒരു നിയമവും ഇവരെ രക്ഷിക്കാൻ മുന്നോട്ട് വരുന്നതല്ല. എന്നല്ല, ഈ നാമധാരികളായ പണ്ഢിതന്മാർ റഹ്മത്തുൽലിൽ ആലമീന്റെ നാമത്തെ അപമാനിക്കുന്നതിനായി ലജ്ജാകരമായ പരിശ്രമം നടത്തുന്ന ഇവർ, ഏറ്റവും ആദ്യം പ്രതിക്കൂട്ടിൽ നിർത്തപ്പെടുന്നവരായിത്തീരും. അഹ്മദികളുടെ ഈമാനും, സഹനവും, സ്ഥിരചിത്തതയും ഒരു പ്രഭാവത്തോടെ വെട്ടിത്തിളങ്ങുന്നതായിരിക്കും. അഹ്മദികൾക്ക് ഈ കാര്യത്തിൽ യാതൊരു വ്യാകുലതയും ഇല്ല. കാരണം അവർക്ക് അറിയാം അവസാനം അവരുടെ വിജയമാണ്. ത്യാഗങ്ങൾ സമുദായങ്ങൾ നൽകാറുണ്ട്. അവരും നൽകിക്കൊണ്ടിരിക്കുന്നു. എന്നാൽ ഈ ത്യാഗങ്ങളുടെ ഉദ്ദേശ്യം അല്ലാഹുവിന്റെ പ്രീതി സ്വായത്തമാക്കലാണ്. അത്കൊണ്ട് അഹ്മദികൾ നൽകിക്കൊണ്ടേയിരുന്ന ഈ ത്യാഗം കേവലം അലക്ഷ്യമായ സാധാരണ ത്യാഗങ്ങളല്ല. ഭാവിയിലും ഇത്തരം ത്യാഗങ്ങൾ നൽകിക്കൊണ്ടിരിക്കുന്നതാണ്. ഇതെല്ലാം ഞാൻ പറഞ്ഞതുപോലെ പാക്കിസ്ഥാനിൽ ഏറ്റവും കൂടുതലായി അക്രമത്തിന്റെയും പൈശാചികതയുടെയും കഥകൾ രചിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് അധികാരികൾ എന്ത് പറഞ്ഞാലും പ്രാദേശിക ഉദ്യോഗസ്ഥൻമാർ തങ്ങളുടെ തണലിൽ ഇന്നും തീവ്രവാദം നടത്തിക്കൊണ്ടിരിക്കുന്നു. ഈ ഉദ്യോഗസ്ഥരുടെ തീവ്രവാദം ഇന്നും അഹ്മദികളെ അക്രമത്തിന്റെയും പൈശാചികതയുടെയും ഇര

കളാക്കിക്കൊണ്ടിരിക്കുന്നു.
കഴിഞ്ഞ ദിവസം റബ്വയിലെ പോലീസ് ഉദ്യോഗസ്ഥർ അതിൽ സ്റ്റേഷൻ ഇൻചാർജും അയാളുടെ അസിസ്റ്റന്റും ഉൾപ്പെട്ടിരുന്നു, മറ്റൊരു അറിയിപ്പ് അനുസരിച്ച് ഇവരേക്കാൾ ഉയർന്ന ഉദ്യോഗസ്ഥനും ഉണ്ടായിരുന്നു, നമ്മുടെ ഒരു വലിയ മുഖ്‌ലിസായ ആത്മാർഥതയുള്ള അഹ്‌മദിയെ യാതൊരു വിധ കേസും രജിസ്റ്റർ ചെയ്യാതെ ഒരു മാസത്തോളം പോലീസ് ലോക്കപ്പിലിട്ടു. പിന്നീട് ഒരു അറിയപ്പെടാത്ത സ്ഥലത്ത് കൊണ്ടുപോയി പത്ത് പന്ത്രണ്ട് ദിവസത്തോളം ക്രൂരമായ പീഢനങ്ങൾക്ക് വിധേയനാക്കി. അതിന്റെ ഫലമായി ഈ മുഖ്‌ലിസായ, ആത്മാർത്ഥനായ അഹ്‌മദി, അദ്ദേഹത്തിന്റെ പേര് അബ്ദുൽ ഖുദ്ദൂസ് എന്നായിരുന്നു, ക്ഷമയോടും സ്ഥിരചിത്തതയോടുംകൂടി ഈ ടോർച്ചറുകളും പീഢനങ്ങളും സഹിച്ച്കൊണ്ട് തന്റെ അല്ലാഹുവിന്റെ സമക്ഷത്തിൽ ഹാജരായി اِنَّا لِلّٰهِ وَاِنَّا اِلَيْهِ رٰجِعُوْنَ അദ്ദേഹം ശഹാദത്തിന്റെ സ്ഥാനം കരസ്ഥമാക്കിക്കഴിഞ്ഞു.
ഈ സംഭവത്തിന്റെ വിശദാംശം ഇപ്രകാരമാണ്. റബ്വയിലെ നുസ്റത്താബാദ് എന്ന് മുഹല്ലയിൽ താമസിക്കുന്ന അഹ്‌മദ് മുഹ്സിൻ എന്ന് പേരുള്ള സ്റ്റാമ്പ് പേപ്പർ കച്ചവടക്കാരനായ ഒരു വ്യക്തിയെ, ഇദ്ദേഹം കോടതിയിലും മറ്റും സ്റ്റാമ്പ് പേപ്പറുകൾ വിൽക്കുന്ന ആളായിരുന്നു, ഇദ്ദേഹത്തെ ഒക്ടോബർ 4,5ന്റെ അർദ്ധരാത്രിയിൽ ആരോ വധിച്ചു. പോലീസ് പിന്നീട് കൊല്ലപ്പെട്ട വ്യക്തിയുടെ മകന്റെ വാക്കുകൾ കേട്ട് വിവിധ വ്യക്തികളെ വിവിധ അവസരങ്ങളിൽ സംശയത്തിന്റെ അടിസ്ഥാനത്തിൽ അറസ്റ്റ് ചെയ്ത് ചോദ്യം ചെയ്യുകയുണ്ടായി. പിന്നീട് ഈ പിടിക്കപ്പെട്ട എല്ലാവരെയും കുറ്റവാളികളല്ല എന്ന് പറഞ്ഞുകൊണ്ട് വിട്ടയച്ചു. ഈ കേസ്സിൽ വധിക്കപ്പെട്ട ആളുടെ മകനിൽ നിന്ന് മാസ്റ്റർ അബ്ദുൽ ഖുദ്ദൂസ് സാഹിബിന്റെ പേരും വാങ്ങി. അങ്ങനെ പോലീസ് അദ്ദേഹത്തെയും സ്റ്റേഷനിൽ വിളിപ്പിച്ച് അറസ്റ്റ് ചെയ്തു. ഇദ്ദേഹം നുസ്റത്താബാദ് മുഹല്ലയിലെ സദർ ജമാഅത്ത് ആയിരുന്നു. ഇതിന് ശേഷം വാദി മാസ്റ്റർ അബ്ദുൽ ഖുദ്ദൂസ് സാഹിബിന്റെ പേര് യാതൊരു കാരണവുമില്ലാതെ ഈ കേസ്സിന്റെ പ്രതിപട്ടികയിൽ രേഖപ്പെടുത്തി. പിന്നീട് ഡി.പി.ഒ. ക്കും എഴുതിയ അപേക്ഷ നൽകുകയുണ്ടായി. അങ്ങനെ പോലീസ് മാസ്റ്റർ സാഹിബിനെ ഫെബ്രുവരി പത്താം തീയ്യതി മഗ്‌രിബ് നമസ്കാരത്തിന് ശേഷം പള്ളിയിൽ വന്ന് അറസ്റ്റ് ചെയ്തു. അറസ്റ്റ് ചെയ്കൊണ്ടുപോയെങ്കിലും അറസ്റ്റ് എഴുതി രേഖപ്പെടുത്തിയിരുന്നില്ല. നാം പോലീസുമായി ബന്ധപ്പെട്ടപ്പോൾ ഇദ്ദേഹം നിരപരാധിയാണെന്ന് ഞങ്ങൾക്ക് അറിയാമെന്നാണ് പോലീസുകാർ തുടർച്ചയായി പറഞ്ഞ് കൊണ്ടിരുന്നു. വലിയ ഓഫീസർമാരും ഇതുതന്നെ പറഞ്ഞുകൊണ്ടിരുന്നു. പെട്ടെന്ന് പ്രശ്നം പരിഹരിക്കപ്പെടുമെന്നും, ചില നിർബന്ധിതാവസ്ഥകളുള്ളത് കൊണ്ടാണ് ഞങ്ങൾ തടഞ്ഞുവെച്ചിരിക്കുന്നത് എന്നെല്ലാമാണ് പറഞ്ഞുകൊണ്ടിരുന്നത്. ഇതിനിടയിൽ മാർച്ച് 17 ന് പോലീസുകാർ അബ്ദുൽ ഖുദ്ദൂസ് സാഹിബിനെ റബ്വയിലെ സ്റ്റേഷനിൽ നിന്ന് മറ്റേതോ അജ്ഞാത സ്ഥലത്തേക്ക് മാറ്റി. അദ്ദേഹത്തെ എവിടെയാണ് താമസിപ്പിച്ചിരിക്കുന്നത് എന്ന് മാസ്റ്റർ സാഹിബിന് അറിയാൻ സാധിച്ചില്ല. അദ്ദേഹത്തെ അപ്രത്യക്ഷമാക്കിയതിന്ന് പത്ത് ദിവസങ്ങൾക്ക് ശേഷം 26 മാർച്ചിന് പോലീസുകാർ അദ്ദേഹത്തെ സ്റ്റേഷനിൽ തിരിച്ചുകൊണ്ടുവന്നു. എന്നിട്ട് മാസ്റ്റർ സാഹിബിന്റെ ഒരു സുഹൃത്തിനോട് ഫോൺ ചെയ്ത് പറഞ്ഞു. നിങ്ങളുടെ ആളെ വന്ന് കൊണ്ടുപോവുക. അങ്ങനെ ആ സുഹൃത്ത് അവിടെ ചെന്നപ്പോൾ മാസ്റ്റർ സാഹിബ് പറഞ്ഞു. എന്നെ ഇവിടെ നിന്ന് കൊണ്ടുപോയാലും. അപ്പോൾ പോലീസുകാർ ആ സുഹൃത്തിൽ നിന്ന് ഒരു സാധാരണ പേപ്പറിൽ ഞാൻ ഇദ്ദേഹത്തെ തിരിച്ചുകൊണ്ടുപോവുകയാണ് എന്ന് ഒപ്പിട്ട് വാങ്ങിച്ചു. അങ്ങനെ മാസ്റ്റർ സാഹിബിനെ അദ്ദേഹത്തെ ഏൽപ്പിച്ചു. കാരണം മാസ്റ്റർ അബ്ദുൽ ഖുദ്ദൂസ് സാഹിബിന്റെ അവസ്ഥ മോശമായിരുന്നു. അതുകൊണ്ട് ആ സുഹൃത്ത് അദ്ദേഹത്തെ അവിടെനിന്ന് പെട്ടെന്ന് ഹോസ്പിറ്റലിൽ കൊണ്ടുപോയി. പോലീസുകാർ അപ്രത്യക്ഷമാക്കിയതിന്റെ ആദ്യത്തെ മൂന്നുനാല് ദിവസങ്ങളിൽ മാസ്റ്റർ സാഹിബിനെ വളരെയധികം പീഢിപ്പിച്ചിരുന്നു എന്ന് അവിടെ എത്തിയപ്പോഴാണ് മനസ്സിലാക്കാൻ സാധിച്ചത്. അതിന്റെ ഫലമായി അദ്ദേഹത്തിന്റെ അവസ്ഥ വളരെ മോശമായിപ്പോയി. അദ്ദേഹത്തിന് മലവിസർജനത്തോടൊപ്പം രക്തം വന്നുകൊണ്ടിരുന്നു. രക്തം ചർദ്ധിച്ചുകൊണ്ടിരുന്നു. അതുപോലെതന്നെ അദ്ദേഹത്തിന്റെ വൃക്കകൾക്കും വളരെയധികം പരിക്ക് പറ്റി. മാസ്റ്റർ സാഹിബുമായി സംസാരിച്ചപ്പോൾ അദ്ദേഹത്തിന് ബോധമുണ്ടായിരുന്നു. എന്നാൽ ആന്തരികമായി വളരെ വലിയ പരിക്കുകൾ പറ്റിയിരുന്നു. അദ്ദേഹം പറഞ്ഞു: മാർച്ച് 17 - ാം തീയ്യതി രാത്രിയുടെ അന്ധകാരത്തിൽ അദ്ദേഹത്തെ ചില പോലീസ് ഉദ്യോഗസ്ഥർ റബ്വയിലെ സ്റ്റേഷനിൽ നിന്ന് അഞ്ച് ആറ് മണിക്കൂർ ദൂരമുള്ള ഒരു സ്ഥലത്തേക്ക് കൊണ്ടുപോയി. അവിടെ ടാറിടാത്ത റോഡുകളാണ് അതുകൊണ്ട് അൽപം ദൂരമാണെങ്കിലും കൂടുതൽ സമയമെടുക്കും. ഒരു അറിയപ്പെടാത്ത സ്ഥലത്ത് കൊണ്ടുപോയി. തികച്ചും ജനശൂന്യമായ പ്രദേശമായിരുന്നു. വളരെയധികം പീഢിപ്പിച്ചു. പോലീസുകാർ അദ്ദേഹത്തെ അടിച്ചുകൊണ്ട് ഈ കേസിൽ ഉൾപ്പെട്ട ഏതെങ്കിലും ഭാരവാഹിയുടെ പേര് പറയുക എന്നും നീയും ഭാരവാഹിയാണ്, പേര് പറഞ്ഞാൽ നിന്നെ വിടുകയും അദ്ദേഹത്തെ പിടികൂടുകയും ചെയ്യുന്നതാണെന്നും പറഞ്ഞുകൊണ്ടിരുന്നു. ഒരു പേപ്പറിൽ ഒപ്പിടുവിക്കാൻ പരിശ്രമിച്ചുകൊണ്ടിരുന്നു. ആ ഭാരവാഹികളിൽ ചില നാസിർമാരുടെ പേരും മറ്റു ചിലരുടെ പേരും ഉണ്ടായിരുന്നു. ഇതിൽ മാസ്റ്റർ സാഹിബ് ഒപ്പ് വെച്ചില്ല. പോലീസുകാർ അടിക്കുകയും പീഡിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ ആദ്യമായിട്ടാണ് ജമാഅത്തിന്റെ ഒരു ഭാരവാഹിയെ കിട്ടിയിരിക്കുന്നത്. മുമ്പ് ഇവർ രക്ഷപ്പെടുമായിരുന്നു എന്നാണ് പറഞ്ഞുകൊണ്ടിരുന്നത്. എന്നിട്ട് പിന്നീട് പീഢിപ്പിക്കാൻ തുടങ്ങും. ഇതിനിടയിൽ തന്നെ ഈ ഉദ്യോഗസ്ഥർ പീഢിപ്പിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ അതുപോലെ ഖലീഫമാരുടെ പേരെടുത്ത് പറഞ്ഞുകൊണ്ട് ജമാഅത്തിനെതിരിൽ വളരെ മോശമായ രീതിയിൽ ചീത്തവിളിച്ചുകൊണ്ടിരുന്നു. പീഢനത്തിന്റെ ഫലമായി മാസ്റ്റർ അബ്ദുൽ ഖുദ്ദൂസ് സാഹിബിന്റെ അവസ്ഥ വളരെ മോശമായി. ഞാൻ പറഞ്ഞതുപോലെ രക്തം ചർദ്ദിക്കാൻ തുടങ്ങി. ഇങ്ങനെ ആയപ്പോൾ പോലീസുകാർ പീഢനം നിർത്തി വെച്ച് മരുന്നും മറ്റും നൽകി. ഇദ്ദേഹത്തിന്റെ അവസ്ഥ അൽപം മെച്ചപ്പെട്ടപ്പോൾ പോലീസുകാർ ഇദ്ദേഹത്തെ തിരിച്ച് സ്റ്റേഷനിൽ കൊണ്ടുവന്ന് അദ്ദേഹത്തിന്റെ സുഹൃത്തിനെ ഏൽപ്പിച്ചു. മാസ്റ്റർ അബ്ദുൽ ഖുദ്ദൂസ് സാഹിബിനെ ഫസലെ ഉമർ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്ത് ഐ.സി.യു. വിൽ വെച്ചു. തുടർച്ചയായി രക്തം നൽകിക്കൊണ്ടിരുന്നു. ശഹാദത്തിന് ഒരു ദിവസം മുമ്പ് (മാർച്ച് 29 - ാം തീയ്യതി ഒന്ന് രണ്ട് ദിവസത്തെ ഇടവേളക്ക് ശേഷം ഇദ്ദേഹത്തിന്റെ ചർദ്ദി അൽപം കുറഞ്ഞിരുന്നു). വീണ്ടും രക്തം ചർദ്ദിക്കാൻ തുടങ്ങി. രണ്ടാമതും അദ്ദേഹത്തിന്റെ അവസ്ഥ കൂടുതൽ മോശമായി. ശ്വാസകോശത്തേയും ബാധിച്ചു. അതുകാരണം കഴിഞ്ഞ വെള്ളിയാഴ്ച മാർച്ച് 30ന് അദ്ദേഹം ബോധരഹിതനായി. അതേ അവസ്ഥയിൽ അദ്ദേഹത്തിന്റെ മരണം സംഭവിച്ചു. اِنَّا لِلّٰهِ وَاِنَّا اِلَيْهِ رٰجِعُوْنَ മരണത്തിന് മുമ്പ് അദ്ദേഹത്തെ ത്വാഹിർ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് മാറ്റിയിരുന്നു. ഡയാലിസിസിന്റെ പ്രോഗ്രാമുണ്ടായിരുന്നു. അതിനുള്ള തയ്യാറെടുപ്പ് നടക്കുകയായിരുന്നു. ഏതായിരുന്നാലും പോലീസുകാർ നടത്തിയ പീഢനത്തിൽ ഉണ്ടായ ആന്തരിക പരിക്കുകൾ കാരണം ജീവൻ നിലനിർത്താൻ സാധിച്ചില്ല. ശഹാദത്തിന്റെ സ്ഥാനം കരസ്ഥമാക്കി. ഇതിന്റെ കൂടുതൽ വിശദീകരണം അദ്ദേഹത്തിന്റെ ബന്ധു എഴുതിയത് ഇപ്രകാരമാണ്. ഇദ്ദേഹം ഹോസ്പിറ്റലിൽ അദ്ദേഹത്തിനൊപ്പമുണ്ടായിരു

ന്നു. മാർച്ച് 17 ന് അവിടെ റബ്‌വക്ക് അടുത്ത് ചിന്നിയോട്ടിൽ നിന്ന് മുന്നോട്ട് പോയാൽ ജംഗിൽ ഗിയോത്ര എന്ന ഒരു സ്ഥലമുണ്ട്. അവിടേക്ക് അദ്ദേഹത്തെ കൊണ്ടുപോയി. എന്നിട്ട് വളരെ മൃഗീയമായ പീഢനങ്ങൾക്ക് വിധേയനാക്കി. ഇദ്ദേഹം എഴുതുന്നു. മാസ്റ്റർ അബ്ദുൽ ഖുദ്ദൂസ് സാഹിബ് അദ്ദേഹത്തോട് പറഞ്ഞു. അദ്ദേഹം പറഞ്ഞു. ഞാൻ പറയുന്ന കാര്യങ്ങളെല്ലാം വളരെ ഉറപ്പോടുകൂടിയാണ് പറയുന്നത്. കാരണം അദ്ദേഹം എന്നോട് സ്വയം പറയുകയുണ്ടായി. അംജദ് ബാജ്‌വ സാഹിബിനോടൊപ്പം അദ്ദഹം കാൽനടയായിക്കൊണ്ട് പോലീസ് സ്റ്റേഷനിൽ നിന്ന് പുറത്ത് വന്നപ്പോൾ ഞങ്ങൾ അദ്ദേഹത്തെ വഴിയിൽ നിന്ന് ഹോസ്പിറ്റലിൽ കൊണ്ടുപോയി. വഴിയിൽ നിന്ന് അദ്ദേഹം അവിടെ എത്തിയതിന് ശേഷം പറഞ്ഞു. എനിക്ക് ഒരുപാട് അക്രമങ്ങൾ ഏൽക്കേണ്ടിവന്നിരിക്കുന്നു. ഇത്രമാത്രം പീഢനങ്ങൾ ഏതുവരെയെന്നാൽ അത് ഭയാനകമായിരുന്നു. ഇതുകൂടെ പറഞ്ഞു. പോലീസ് മേധാവിയും അന്വേഷണ ഓഫീസറും ഈ പീഢനത്തിൽ ഉൾപ്പെട്ടിരുന്നു. ചിനീയോട്ടിൽ നിന്ന് പിണ്ഢി ബട്ടിയ റോഡിലേക്ക് കൊണ്ടുപോയി. പിന്നീട് അവിടെനിന്ന് നദിയുടെ ഭാഗത്തേക്ക് കൊണ്ടുപോയി. നദിയിലൂടെ തന്നെ ഒരു മാർഗമുണ്ടായിരുന്നു. ഞാൻ പറഞ്ഞതുപോലെ ജംഗിൽ ഗിലോത്ര എന്ന പറയുന്നിടത്ത് കൊണ്ടുപോയി. അവിടെ എത്തിയപ്പോൾ അവിടെയുള്ള പോലീസ് സ്റ്റേഷനിൽ എന്നെ ലോക്കപ്പിലിട്ടു. പിന്നീട് കുറച്ച് സമയത്തിന് ശേഷം എന്നെ അവിടെ നിന്ന് പുറത്തിറക്കിയപ്പോൾ റബ്‌വയിലെ പോലീസ് മേധാവിയും അന്വേഷണ ഉദ്യോഗസ്ഥരും അവിടുത്തെ ലോക്കൽ പോലീസ് മേധാവിയും ഡി.എസ്.പി. യും കസേരയിൽ വട്ടമിട്ട് ഇരിക്കുന്നുണ്ടായിരുന്നു. അവരുടെ കയ്യിൽ ഒരു പേപ്പർ ഉണ്ടായിരുന്നു. ഇത് താങ്കളുടെ സ്റ്റേറ്റ്മെന്റാണ്. ഇതിൽ ഒപ്പ് വെക്കുക. ഞാൻ പറഞ്ഞതുപോലെ അതിൽ റബ്‌വയിലെ മർകസി അഞ്ചുമന്റെയും സദർ ഉമൂമി മുതലായവർക്ക് എതിരിലുള്ള കാര്യങ്ങൾ ഉണ്ടായിരുന്നു. ഞാൻ പറഞ്ഞു. ഇത് തെറ്റായ സ്റ്റേറ്റ്മെന്റാണ് അതുകൊണ്ട് ഞാൻ എങ്ങനെ ഒപ്പുവെക്കാനാണ്. അതിൽ ഉണ്ടായിരുന്ന സ്റ്റേറ്റ്മെന്റ് ഇപ്രകാരമായിരുന്നു. നടന്ന കൊലപാതകത്തിൽ ഇന്ന ഇന്ന ആളുകൾ ഉൾപ്പെട്ടിരിക്കുന്നു. അവരാണ് ഇത് ചെയ്യിപ്പിച്ചത്. അഥവാ ഇതിൽ ഒപ്പ് വെക്കുകയാണെങ്കിൽ ഞങ്ങൾ നിന്നെ വിട്ടയക്കും. പറയുന്നു. ഞാൻ ഒപ്പ് വെക്കാൻ വിസമ്മതിച്ചു. കാരണം ഇത് എന്റെ സ്റ്റേറ്റ്മെന്റല്ല. ഇങ്ങനെ സംഭവിച്ചിട്ടുമില്ല. പിന്നെ ഞാൻ എങ്ങനെ ഒപ്പ് വെക്കും. പിന്നീട് അവർ എന്നെ ഭീഷണിപ്പെടുത്തി. ഒപ്പുവെച്ചാൽ രക്ഷപ്പെടും അല്ലെങ്കിൽ ഞങ്ങൾ നിന്നെക്കൊണ്ട് വെളിപ്പെടുത്തിക്കും. മാസ്റ്റർ സാഹിബ് വിവരിക്കുന്നു. ഞാൻ രണ്ട് പ്രാവശ്യം നിഷേധിച്ചപ്പോൾ ആരോഗ്യദൃഢഗാത്രരായ രണ്ട് പേർ ഒന്നിച്ച് എഴുന്നേൽക്കുകയും എന്നെ താഴെ വീഴ്ത്തുകയും അടിക്കാൻ തുടങ്ങുകയും ചെയ്തു. എന്നെ പീഢിപ്പിച്ചുകൊണ്ടിരിക്കുകയും അവരുടെ ആവശ്യം ഉന്നയിച്ചുകൊണ്ടിരിക്കുകയും ചെയ്തുകൊണ്ടിരുന്നു. വിവിധ രീതിയിൽ പീഢിപ്പിച്ചുകൊണ്ടിരുന്നു. ഇദ്ദേഹം ചില പീഢന മുറകളെക്കുറിച്ച് എഴുതിയിട്ടുണ്ട്. കയറ് വെക്കുക, തെറ്റാലി വെക്കുക, കമ്പി വെക്കുക, ഉരുട്ടുക. ഈ രീതിയിലെല്ലാം പിഢിപ്പിച്ചിട്ടുണ്ട്. ഏതായിരുന്നാലും കിടത്തിക്കൊണ്ട് റോളർ ഉരുട്ടുകയുണ്ടായി. ഇത് മരത്തിന്റെ ഒരു റോളറുണ്ടാകും, വലിയ വളരെ ഭാരമുള്ള ഒന്നാണ് അത്. അത് ശരീരത്തിൽ ഉരുട്ടുകയാണ് ചെയ്യാറുള്ളത്. ഇതുപോലെ കയറിട്ട് വലിക്കുക എന്ന് പറഞ്ഞത് കയറിൽ കെട്ടിയിട്ട് വലിച്ചിഴക്കുക. ഇതുകൂടാതെ തുടർച്ചയായി ഉണർത്തിയിരുത്തി. കണ്ണുകൾ അടയുമ്പോൾ ജയിലറക്ക് പുറത്ത് കൊണ്ടുവന്ന് അടിക്കുമായിരുന്നു. അവിടെ വളരെ കുഴപ്പക്കാരനായ കുപ്രസിദ്ധനായ ഒരു കള്ളനും കൊള്ളക്കാരനുമായ ഒരാളുണ്ടായിരുന്നു. പറയുന്നു: അയാളും കൂടെ ഉണ്ടായിരുന്നു. പോലീസുകാർക്ക് അടിക്കുന്നതിനുള്ള തോലിന്റെ ഒരു ചാട്ടവാറുണ്ട്. പറയുന്നു. അയാളെ അഞ്ച് തവണ അടിച്ചിരുന്നെങ്കിൽ മാസ്റ്റർ സാഹിബ് പറയുന്നു എന്നെ 25 തവണ അടിക്കുമായിരുന്നു. ഒരിക്കൽ ആരോഗ്യ സ്ഥിതി മോശമായി. അപ്പോൾ അവിടെ അടുത്തുള്ള അർസാ ശേഖ് എന്നെ പേരുള്ള ഗ്രാമത്തിൽ കൊണ്ട് പോയി അവിടെ വെച്ച് ഇൻജക്ഷൻ നൽകി, മരുന്നു നൽകി. ആരോഗ്യം അൽപം നന്നായപ്പോൾ വീണ്ടും പീഢിപ്പിക്കാൻ തുടങ്ങി. ഈ എല്ലാ പോലീസ് മേധാവികളും ഇതിൽ ഉൾപ്പെട്ടിരുന്നു. വളരെ മോശമായ അസഭ്യവാക്കുകളും പറഞ്ഞുകൊണ്ടിരുന്നു. പറയുമായിരുന്നു. ലണ്ടനിൽ നിന്ന് വിളിപ്പിക്ക്. നിന്റെ വലിയവരെ, അവർക്ക് നിന്നെ മോചിപ്പിക്കാൻ സാധിക്കുമോ, റബ്‌വയിൽ നിന്ന് വിളിപ്പിക്ക്, മഹാത്മാക്കളെ ചീത്ത വിളിക്കാറുണ്ടായിരുന്നു. പറയുന്നു. ചീത്ത വിളി കേൾക്കുമ്പോൾ എനിക്ക് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുമായിരുന്നു. മർദ്ദനം സഹിക്കാൻ സാധിച്ചിരുന്നു എന്നാൽ തെറിവിളി അസഹ്യമായിരുന്നു. ഭക്ഷണവും എപ്പോഴെങ്കിലുമാണ് നൽകിയിരുന്നത്. അദ്ദേഹം പറയുകയുണ്ടായി. ഈ വിധത്തിലുള്ള പീഢനം ഞാൻ ഒരിക്കൽപോലും കേൾക്കുകയോ കാണുകയോ ചെയ്തിട്ടില്ല. സഹിക്കാനുള്ള ധൈര്യം എന്നിൽ ഉണ്ടായിരുന്നില്ല. ഞാൻ ദുആ ചെയ്തുകൊണ്ടിരുന്നു. അല്ലാഹുവേ എനിക്ക് ഈ മർദ്ദനം സഹിക്കുന്നതിനുള്ള ധൈര്യം നീ നൽകിയാലും. പിന്നീട് അല്ലാഹു തന്റെ അനുഗ്രഹംകൊണ്ട് ധൈര്യം പ്രധാനം ചെയ്തു. അതുമൂലം അദ്ദേഹം എല്ലാം സഹിച്ചു.

സദർ ഉമൂമി സാഹിബ് എനിക്ക് ഇപ്രകാരം എഴുതി. ഞാൻ പറഞ്ഞു ഇത്രമാത്രം അവർ താങ്കളെ പീഢിപ്പിച്ച് എഴുതിപ്പിക്കാൻ ശ്രമിച്ചപ്പോൾ എന്തെങ്കിലും കുറച്ച് താങ്കളെക്കൊണ്ട് എഴുതിപ്പിച്ചിട്ടുണ്ടാകും. പറയുന്നു. അദ്ദേഹം വളരെ വികാരപരിധനായിക്കൊണ്ട് അദ്ദേഹത്തോട് പറഞ്ഞു. അവർക്ക് എന്നെക്കൊണ്ട് ഒരു പുള്ളിയിടുവിപ്പിക്കാൻ പോലും സാധിച്ചിട്ടില്ല.

ഇതാണ് ഈമാനെ സുരക്ഷിതമാക്കി വെക്കുന്നവരുടെ, സത്യത്തെ നിലനിർത്തിയവരുടെ കഥ. ധൈര്യത്തിന്റെ സ്ഥൈര്യത്തിന്റെയും ഈ ആൾരൂപം തന്റെ ജീവൻ നൽകിയെങ്കിലും കള്ളസാക്ഷ്യം പറഞ്ഞില്ല. അല്ലാഹു കളവിനെയും ശിർക്കിന് സമമായിട്ടാണ് പറഞ്ഞിരിക്കുന്നത്. ഈ മഹാനായ ശഹീദ് നമുക്ക് ഒരുപാട് പാഠങ്ങൾ നൽകിയതിൽ ഒരു മഹത്തായ പാഠവും ഉൾകൊള്ളുന്നു. അത് അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപനത്തിന്റെ അടിസ്ഥാന ഉദ്ദേശമാണ്. അതായത് തൗഹീദിന്റെ സംസ്ഥാപനത്തിനായി തന്റെ ജീവനെയും വിലവെക്കേണ്ടതില്ല. കാരണം കളവ് ശിർക്കിന് സമമാണ്. ഞങ്ങൾക്ക് ശിർക്ക് ചെയ്യാൻ സാധ്യമല്ല. ശഹീദ് മർഹൂം തന്റെ ബൈഅത്തിന്റെ പ്രതിജ്ഞയും നിറവേറ്റി. വളരെ ഉന്നതമായ നിലയിൽ നിറവേറ്റി. ശഹീദ് മർഹൂം പീഢനം കാരണം പോലീസുകാരുടെ താല്പര്യമനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് നൽകിയിരുന്നുവെങ്കിൽ അതിന്റെ ഫലം ജമാഅത്തിനെ സംബന്ധിച്ചെടുത്തോളം മൊത്തത്തിലും വളരെ ഭയാനകമാകുമായിരുന്നു. ഏതുപോലെ മിർസാ ഗുലാം ഖാദിർ ശഹീദിനെ ഉപകരണമാക്കാൻ തുനിഞ്ഞുവോ. അത് ഒരു നാമധാരികളായ സംഘടന അല്ലെങ്കിൽ തീവ്രവാദ സംഘടനയാണ് ചെയ്തത്. എന്നാൽ ഇവിടെ പോലീസാണ് ചെയ്യാൻ ശ്രമിച്ചത്. ജില്ലയിലെ വലിയ പോലീസ് ഉദ്യോഗസ്ഥൻമാർ ഈ കാര്യം നിഷേധിക്കുന്നുണ്ട്. അവർ അവരുടെ നിഷ്കളങ്കതയാണ് പ്രകടിപ്പിക്കുന്നത്. അവരെ ബൈപാസ് ചെയ്തുകൊണ്ട് താഴെ കിടയിലുള്ള ഉദ്യോഗസ്ഥർക്ക് ഭരണാധികാരികളിൽ നിന്ന് എന്തെങ്കിലും കൽപനകൾ വന്നിട്ടുണ്ടോ എന്നറിയില്ല. കാരണം ഉയർന്ന ഭരണാധികാരികൾ ചില അവസരങ്ങളിൽ കൽപനകൾ നൽകിക്കൊണ്ടിരിക്കാറുണ്ട്. ജനറൽ സിയാവുൽ ഹഖിന്റെ കാലഘട്ടത്തിൽ സിയാവുൽ ഹഖിന് സ്റ്റേഷൻ മേധാവിക്ക് ഫോൺ ചെയ്യാൻ സാധിക്കുമായിരുന്നുവെ

ങ്കിൽ ഇന്നും അത് സാധ്യമാണ്. ഇവിടെ സംസ്ഥാന സർക്കാറും നമു ക്കെതിരാണ്. ഇപ്പോൾ ഈ പോലീസ് ഓഫീസർമാരിൽ നിന്നും കേസിന്റെ പേപ്പറുകൾക്കായി ശ്രമം നടക്കുമ്പോൾ, ഉയർന്ന ഭരണാധികാരികളുടെ ഭാഗത്ത് നിന്ന് രഞ്ജിപ്പിനുള്ള സമ്മർദ്ധവും നടന്നുകൊണ്ടിരിക്കുന്നു. സുൽഹ് ചെയ്യാം. പാക്കിസ്ഥാനിൽ കുറ്റവാളികൾ തന്നെയാണ് ഭരണാ ധികാരികളും. നീതിയുടെ പ്രതീക്ഷ പ്രത്യക്ഷത്തിൽ ഇല്ല. എന്നാൽ നിയ മവ്യവസ്ഥിതിയിൽ നിന്നുകൊണ്ട് ജമാഅത്ത് എല്ലാ മാർഗവും ഉപയോ ഗിച്ച് പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇൻശാ അല്ലാഹ് പരിശ്രമിച്ചുകൊ ണ്ടിരിക്കും. എന്നിരുന്നാലും ഇദ്ദേഹം പോലീസിന്റെ താല്പര്യമനുസരി ച്ചുള്ള എന്തെങ്കിലും വിധത്തിലുള്ള സ്റ്റേറ്റ്മെന്റ് നൽകിയിരുന്നുവെങ്കിൽ അത് വളരെ അധികം ഭയാനകമാകുമായിരുന്നു. കൊലപാതകത്തിന്റെ കള്ള കേസിൽ കേന്ദ്ര ഭാരവാഹികളെ, ഞാൻ പറഞ്ഞതുപോലെ അറസ്റ്റ് ചെയ്യുമായിരുന്നു. കേന്ദ്ര ഓഫീസുകൾക്ക് വിലക്ക് ഏർപ്പെടുത്താൻ സാധ്യതയുണ്ടായിരുന്നു. ജമാഅത്തിന്റെ അധ്യാപനങ്ങളും പരിശ്രമങ്ങ ളും തങ്ങൾ ഒരു സമാധാനപ്രിയരായ ജമാഅത്ത് ആണ് എന്നതിനെയും അപമാനിക്കാനിക്കാനുള്ള ശ്രമം നടക്കുമായിരുന്നു. അതുപോലുള്ള ഒരുപാട് കാര്യങ്ങൾ ജമാഅത്തിന് നഷ്ടം ഉണ്ടാകാനിടയുള്ളത് സംഭവി ക്കുമായിരുന്നു. കേവലം രാജ്യാന്തരമല്ല, അന്താരാഷ്ട്രതരത്തിലും. ഏതാ യിരുന്നാലും അവർ ഒരു കുതന്ത്രം മെനയാൻ പരിശ്രമിച്ചു. എന്നാൽ അല്ലാഹു സാധാരണ ജീവിതത്തിൽ അങ്ങേയറ്റം നിർമ്മല ഹൃദയനായ ഒരു മഹാനായ മുഖ്‌ലിസിലൂടെ അദ്ദേഹത്തിന് ഈ വിധത്തിലുള്ള മർദ്ദ നങ്ങളെക്കുറിച്ച് ചിന്തിക്കാൻ പോലും സാധ്യമായിരുന്നില്ല. അദ്ദേഹത്തി ലൂടെ അവരുടെ കുതന്ത്രത്തെ തകർത്തുകളഞ്ഞു. അദ്ദേഹം അവ രുടെ കളവിന്റെയും കുതന്ത്രത്തിന്റെയും മുന്നിൽ ഒരു ശക്തമായ പർ വ്വതം പോലെ നിലയുറപ്പിക്കുകയും ജമാഅത്തിന് ഒരു പോറലും ഏൽ ക്കാൻ സമ്മതിക്കുകയും ചെയ്തില്ല. അതുകൊണ്ട് അല്ലയോ ഖുദ്ദൂസ്! ഞങ്ങൾ നിനക്ക് സലാം പറയുന്നു. നീ നിന്നെ സ്വയം അങ്ങേയറ്റത്തെ പീഢനത്തിന് വിട്ടുകൊടുക്കുന്നത് ഇഷ്ടപ്പെട്ടെങ്കിലും ജമാഅത്തിന്റെ അഭിമാനത്തിന് ക്ഷതമേൽക്കുന്നത് ഇഷ്ടപ്പെട്ടില്ല. നീ നിന്റെ ജീവൻ നൽകിക്കൊണ്ട് ജമാഅത്തിനെ ഒരു വലിയ പരീക്ഷണത്തിൽ നിന്ന് രക്ഷ പ്പെടുത്തി.

ചുരുക്കത്തിൽ മാസ്റ്റർ അബ്ദുൽ ഖുദ്ദൂസ് സാഹിബ് ഒരു സാധാരണ ശഹീദല്ല. മറിച്ച് ശുഹദാക്കളിലും അദ്ദേഹത്തിന്റെ സ്ഥാനം വളരെ ഉന്ന തമാണ്. ഈ നശ്വരലോകത്തിൽ നിന്ന് ഒരു ദിവസം എല്ലാവർക്കും വിട പറയേണ്ടിവരും. എന്നാൽ മാസ്റ്റർ അബ്ദുൽ ഖുദ്ദൂസ് സാഹിബ് സൗഭാ ഗ്യവാനാണ്. അദ്ദേഹത്തെ അല്ലാഹു ജീവിച്ചിരിക്കുന്നവനാണ് എന്ന് പറ ഞ്ഞിരിക്കുന്നു. അദ്ദേഹം ഭൗതിക റിസ്ഖിനേക്കാൾ വളരെ മഹത്വമുള്ള തും ഉയർന്നതുമായ റിസ്ഖ് സ്വായത്തമാക്കുന്നവനായിത്തീർന്നിരിക്കു ന്നു. ഈ ജമാഅത്തിനും, ഏതൊരു ലക്ഷ്യത്തിനും വേണ്ടിയാണോ അദ്ദേ ഹം ത്യാഗം ചെയ്തത് അതിനെക്കുറിച്ച് യഥാർത്ഥത്തിലുള്ള സന്തോഷ വാർത്ത അദ്ദേഹത്തിന് ആ ലോകത്ത് വെച്ചായിരിക്കും ലഭിച്ചിരിക്കുക. ശഹീദ് മർഹൂം നമുക്ക് ഒരു പാഠം നൽകിയാണ് പോയിരിക്കുന്നത്. നാം അത് എല്ലായ്പ്പോഴും ഓർക്കേണ്ടതാണ്. **ഹസ്ബുനല്ലാഹു വനിഅ്മൽ വകീൽ**

ഞങ്ങൾക്ക് അല്ലാഹു മതിയായവനാണ്. എത്രമാത്രം നല്ല കാര്യനിർവ്വാ ഹകനാണ്. ഏതുവിധത്തിലുള്ള അവസ്ഥകൾ ഉണ്ടായാലും അല്ലാഹു വിന്റെ കോന്തല ഉപേക്ഷിക്കരുത്. ഈ പാഠമാണ് അദ്ദേഹം നൽകിയിരി ക്കുന്നത്. അല്ലാഹു പറയുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) അത് ഇപ്ര കാരം വിവരിച്ചിട്ടുണ്ട്. അല്ലാഹുവുമായി നിങ്ങളുടെ ബന്ധം ദൃഢമുള്ള താണ് എങ്കിൽ ജനങ്ങൾ നിങ്ങൾക്ക് ഒരു നഷ്ടവും വരുത്തുന്നതല്ല. ഈ ആളുകൾ തങ്ങളുടെ സങ്കൽപത്തിൽ അഹ്മദികളെ ചീത്തവിളിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ ക്കുറിച്ച് അനാവശ്യ വാക്കുകൾ പറ ഞ്ഞ്, നമ്മുടെ ഹൃദയങ്ങളെ കീറിമുറിച്ചുകൊണ്ട്, പീഢിപ്പിച്ചുകൊണ്ട് സന്തോഷിക്കുമ്പോൾ ഇൻശാ അല്ലാഹ് ഒരു ദിവസം വരാനിരിക്കുന്നു; അന്ന് അല്ലാഹു ഇവരിൽ ഓരോരുത്തരോടും കണക്കെടുക്കുന്നതായി രിക്കും. ശഹീദ് മർഹൂം പാകിസ്ഥാനിൽ വസിക്കുന്ന അഹ്മദികൾക്ക് പൊതുവിലും റബ്‌വവാസികൾക്ക് പ്രത്യേകിച്ചും ഈ സന്ദേശം നൽകി യാണ് പോയിരിക്കുന്നത്. നിയമവ്യവസ്ഥയോടുള്ള ബഹുമാനം, ഗവൺ മെന്റ് ഉദ്യോഗസ്ഥരോടുള്ള ബഹുമാനം തീർച്ചയായും അഹ്മദികളുടെ നിർബന്ധ കടമയാണ്. എന്നാൽ ഒരു മനുഷ്യനെയും അയാൾ എത്ര വലിയ പോലീസ് അധികാരിയാണെങ്കിലും ഓഫീസർ ആയിരുന്നാലും ശരി ഭയപ്പെടേണ്ടതില്ല. അവർ ഏത് അക്രമവും നമ്മിൽ നടപ്പിൽ വരു ത്തിയാലും ഒരു അഹ്മദിക്ക് ഭയം ഉണ്ടാകാമെങ്കിൽ ഒരു അസ്തിത്വത്തെ മാത്രമായിരിക്കണം. അത് അല്ലാഹുവിന്റെ അസ്തിത്വമാണ്. പോലീസ് അധികാരികളുടെ ശക്തി നിയമവ്യവസ്ഥയെ ബഹുമാനിക്കുന്നവരിൽ മാത്രമേ നടക്കുകയുള്ളൂ. തീവ്രവാദികളുടെ മുമ്പിൽ, മുല്ലാക്കളുടെ മു മ്പിൽ, അവർ അടിച്ച് തകർക്കുകയും തീവ്രവാദം ചെയ്യുകയും, ഇവ രെ നേരിടുകയും ചെയ്യുന്നവരിൽ, ഇവരെ ബോംബുകളിലൂടെ തകർ ത്തുകളയുന്നവരുടെ മുന്നിൽ ഇവർ ഒന്നുമല്ലാതായിത്തീരുന്നു.

വിവിധ മേഖലകളിൽ നിന്ന് വന്ന അനഹ്മദി സുഹൃത്തുക്കളുമായി ഒരു സദസ്സ് സംഘടിപ്പിക്കപ്പെട്ടു. ഒരു സഹോദരൻ എന്നോട് പറഞ്ഞു. എല്ലാ വരും ബൈഅത്തിന്റെ പ്രതിജ്ഞ ചെയ്തിരിക്കുന്നു എന്നത് താങ്കളുടെ ജമാഅത്തിന്റെ പ്രത്യേകതയാണ്. താങ്കൾ അവരോട് എന്ത് തന്നെ പറ ഞ്ഞാലും അവർ അംഗീകരിക്കുന്നു. അംഗീകരിക്കാൻ തയ്യാറാകുന്നു. അതുകൊണ്ട് പാകിസ്ഥാന്റെ അവസ്ഥ മാറ്റുന്നതിനായി നിങ്ങൾ എന്തു കൊണ്ട് ഒരു പ്രവർത്തനപരമായ ചുവടുവെപ്പ് നടത്തുന്നില്ല. ഞാൻ അദ്ദേ ഹത്തോട് പറഞ്ഞു. രാഷ്ട്രീയ വ്യവസ്ഥിതിയുടെ ഭാഗമാകാൻ ഞങ്ങൾ തയ്യാറല്ല. കാരണം രാഷ്ട്രീയത്തിൽ പങ്കാളികളാകാൻ നിയമം അഹ്മദി കളോട് പറയുന്നത് ആദ്യം നിങ്ങൾ സ്വയം അമുസ്‌ലിമാണെന്ന് പറയുക. പിന്നീട് ജനാധിപത്യ വ്യവസ്ഥിതിയുടെ ഭാഗമാവുക. ഇങ്ങനെയാണ് വോട്ട് ചെയ്യാനുള്ള അവകാശമുള്ളത്. ഇത് ഞങ്ങൾ ചെയ്യുന്നതല്ല. ഞങ്ങളാൽ ചെയ്യാൻ സാധ്യമല്ല. രണ്ടാമത്തെ കാര്യം തെരുവിലുള്ള ശക്തി പ്രകടന മാണ് അല്ലെങ്കിൽ തീവ്രവാദമാണ്. ഇതും ഞങ്ങൾ ചെയ്യുന്നതല്ല. കാരണം ഞങ്ങൾ നിയമവ്യവസ്ഥയെ അനുസരിക്കുന്നവരാണ്. അതാണ് ഞങ്ങൾ ഈ കാലഘട്ടത്തിലെ നേർമാർഗ ദാദാവിനെ വിശ്വസിച്ചുകൊണ്ട് പഠിച്ചി രിക്കുന്നത്. ഇത് തന്നെയാണ് ശരിയായ ഇസ്‌ലാമിക അധ്യാപനം. ഇതിൽ നിന്ന് ഞങ്ങൾക്ക് ദൂരപ്പെട്ട് പോകാൻ സാധ്യമല്ല. ഭരണാധിപൻമാരുടെ സ്ഥാപനങ്ങൾ തീവ്രവാദിക്കാണ് സഹായം നൽകുന്നത്. അല്ലെങ്കിൽ തീവ്ര വാദികളെ അവർ ഭയക്കുന്നു. അതല്ലെങ്കിൽ തെരുവുകളിൽ തങ്ങളുടെ ശക്തി തെളിയിക്കുന്നവരെയാണ് ഭയപ്പെടുന്നത്. ഇതേപോലെ രാഷ്ട്രീ യക്കാരും അവരുടേത് മാത്രം കേൾക്കുന്നു. കാരണം അതുകൊണ്ട് തന്നെയാണ് അഹ്മദികളെ അവരുടെ അനുവദനീയമായ അവകാശങ്ങ ളും നിഷേധിക്കപ്പെട്ടവരാക്കിത്തീർക്കുന്നത്. ബൈഅത്തിന്റെ ബന്ധത്തെ ക്കുറിച്ച് ഞാൻ അവരോട് പറഞ്ഞു. ഈ ബൈഅത്ത് കൊണ്ട് തന്നെ യാണ് അഹ്മദികൾ നിശബ്ദരായിക്കൊണ്ട് തങ്ങളുടെ ജീവനെയും സമ്പ ത്തിനെയും ത്യാഗം ചെയ്തുകൊണ്ടേയിരിക്കുന്നത്. അവർ ഒരു നിയ മവും കയ്യിലെടുക്കാറില്ല. എന്നാൽ ഒരു കാലം വരുക തന്നെ ചെയ്യും. അപ്പോൾ ഇതേ ആളുകൾ ഇൻശാ അല്ലാഹ് അഹ്മദികളെ ബഹുമാനി ക്കാൻ നിർബന്ധിതരായിത്തീരും. ഇന്ന് നമ്മെ അക്രമത്തിന് ഇരയാക്കി ക്കൊണ്ടിരിക്കുകയാണ്. എന്നാൽ അല്ലാഹുവിന്റെ പക്കൽ താമസം അധി

കമില്ല. ഒരു പക്ഷേ അൽപം സമയവും ദൈർഘ്യവും അവർക്ക് ലഭിക്കുമായിരിക്കും. അതുകൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ കുനിയുക. അവനോട് സഹായമർത്ഥിക്കുക. അല്ലാഹുവിന്റെ ശക്തമായ തഖ്ദീറിനെ പ്രതീക്ഷിച്ചിരിക്കുക.

പ്രിയപ്പെട്ട ഖുദ്ദൂസിന്റെ ശഹാദത്ത് സംഭവത്തിൽ ചില പോലീസ് ഉദ്യോഗസ്ഥന്മാർ പറഞ്ഞത് കുറ്റവാളികൾക്കെതിരിൽ നിയമനടപടിയെടുക്കുമെന്നാണ്. എന്നാൽ മറ്റൊരുവശത്ത് സമ്മർദ്ദവും ചെലുത്തിക്കൊണ്ടിരിക്കുന്നു. അല്ലാഹു ഇവരുടെ നീതിയുടെ കണ്ണ് തുറന്നു കൊടുക്കട്ടെ. ഇപ്പോൾ ഇവർ പറയുന്നത് ഈ അക്രമവും കാടത്വവും ഭരണാധികാരികളുടെ ഉദ്യോഗസ്ഥന്മാരാണ് ചെയ്തിരിക്കുന്നത് എന്നാണ്. ഇത് അവരിൽ പരിമിതമാണ്. ഗവൺമെന്റിനോ ഓഫീസർമാർക്കോ ഇതിൽ യാതൊരു പങ്കുമില്ല, ഇത് വിവാദമായപ്പോൾ ഇവർ ഇങ്ങനെ പറയാൻ തുടങ്ങിയിരിക്കുന്നു.

എന്നാൽ ഇവിടെ നീതി നടപ്പിലാക്കിയില്ല എങ്കിൽ മുഴുവൻ ഭരണവ്യവസ്ഥയും ഈ ഭരണകൂടഭീകരതയിൽ പങ്കാളികളാണ് എന്നായിരിക്കും ഇത് കൊണ്ട് അർത്ഥമാക്കപ്പെടുക. പിന്നീട് ഞാൻ പറഞ്ഞതുപോലെ അല്ലാഹുവിന്റെ പക്കൽ ഒരു പക്ഷേ താമസം ഉണ്ടായിരിക്കും. എന്നാൽ അധികം താമസം ഉണ്ടായിരിക്കുകയില്ല. തീർച്ചയായും ഇവർ തങ്ങളുടെ മോശമായ പര്യവസാനത്തിലേക്ക് എത്തപ്പെടുന്നതായിരിക്കും. ജമാഅത്തിന് നഷ്ടം വരുത്താനുള്ള ഇവരുടെ ആഗ്രഹവും അഭിലാഷവും അതിൽ ഇവർ ഒരിക്കലും തന്നെ വിജയിക്കുന്നതല്ല. ജമാഅത്ത് ഇൻശാ അല്ലാഹ് പുരോഗമിച്ചുകൊണ്ടേയിരിക്കും. അഹ്മദിയത്തിന്റെ 200 രാജ്യങ്ങളിലുള്ള വ്യാപനം ഈ ജീവത്യാഗം ചെയ്യുന്നവരുടെ ത്യാഗത്തിന്റെ ഫലമാണ്. അഹ്മദികൾക്ക് ഓരോ ത്യാഗത്തിന്റെയും ഫലമായി ഇത് ഞങ്ങളുടെ പുരോഗതിയുടെ ദിനങ്ങൾ സമീപസ്ഥമാക്കിക്കൊണ്ടിരിക്കുകയാണ് എന്ന കാര്യം കൂടുതൽ ദൃഢമാക്കേണ്ടതാണ്. എത്ര വലിയ ത്യാഗമാണോ അത്രയും പെട്ടെന്ന് അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ പ്രതീക്ഷയാണുള്ളത്. അല്ലാഹുവിന്റെ ഈ വാഗ്ദാനം ഓർമ്മവെക്കുക. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു.

**വലാ തഹിനൂ വലാ തഹ്സനൂ അൻതുമുൽ അഅ്ലൗന ഇൻകുൻതും മുഅ്മിനിൻ**

നിങ്ങൾ ബലഹീനത കാണിക്കരുത്. ദുഖിക്കുകയുമരുത്. നിങ്ങൾ വിശ്വാസികളാണെങ്കിൽ നിങ്ങൾ തന്നെ വിജയിക്കുന്നവരായിരിക്കും. നമ്മുടെ ഈമാനെ സുരക്ഷിതമാക്കേണ്ടിയിരിക്കുന്നു. ഓരോ ത്യാഗവും ഓരോ ശഹാദത്തും നമ്മുടെ ഈമാൻ വർദ്ധിക്കാൻ കാരണമായിത്തീരണം. പിന്നീട് അല്ലാഹുവിന്റെ അനുഗ്രഹം എപ്രകാരമാണ് ഇറങ്ങുന്നത് എന്ന് നോക്കുക. ക്ഷമയോടും ധൈര്യത്തോടും ദുആയോടും കൂടി പ്രവർത്തിച്ച് മുന്നേറുക.

സഹനവും ദുആയും കൂടാതെ മറ്റുചിലതും ചെയ്യേണ്ടതാണെന്ന് ചില ആളുകൾ എനിക്ക് എഴുതുന്നു. സഹനവും ദുആയും തന്നെയാണ് നമ്മുടെ ആയുധം എന്ന കാര്യം ഞാൻ മുമ്പും പറഞ്ഞിട്ടുള്ളതാണ്. ഇപ്പോഴും അത് ആവർത്തിക്കുന്നു. എല്ലായിപ്പോഴും അതുതന്നെയാണ് പറയാനുള്ളത്. ഇത് ഓരോ അഹ്മദിയും ശരിയായവിധത്തിൽ ഉപയോഗിക്കുകയാണെങ്കിൽ പിന്നീട് അല്ലാഹുവിന്റെ അനുഗ്രഹം എത്ര വേഗതയോടെയാണ് ഇങ്ങുന്നതെന്ന് കാണാവുന്നതാണ്. സഹനവും ദുആയും തന്നെയാണ് നമ്മുടെ ആയുധം. ഇപ്പോഴും അല്ലാഹു നമ്മുടെ പരിശ്രമങ്ങളിൽ നമ്മുടെ ദുആകളേക്കാളും നമ്മുടെ പരിശ്രമങ്ങളേക്കാളും എത്രയോ മടങ്ങ് അധികമായ ഫലം നമുക്ക് നൽകിക്കൊണ്ടിരിക്കുന്നു. നാം ദുഃഖിതരാകാനോ നിരാശരാകാനോ യാതൊരു കാരണവുമില്ല. പ്രത്യക്ഷത്തിൽ ശത്രുക്കളുടേത് ഭയാനകമായ തന്ത്രങ്ങളാണ്. എന്നാൽ അല്ലാഹു പറയുന്നു. **വലാ തഹ്സനൂ** നിങ്ങൾ ദുഃഖിക്കരുത്. ഇൻശാ അല്ലാഹു തആല ജമാഅത്തിനെ ഇല്ലാതാക്കും എന്ന ശത്രുക്കളുടെ ദുരാഗ്രഹം ഒരിക്കലും പൂർത്തിയാവുന്നതല്ല. ഇവരുടെ കോണുകൾ സാവധാനം ഇല്ലാതായിക്കൊണ്ടിരിക്കും. ഇല്ലാതായിക്കൊണ്ടിരിക്കുന്നു. ഇവരിൽ നിന്നുള്ള സത്പ്രകൃതക്കാർ അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചുകൊണ്ടിരിക്കും. നമ്മുടെ ന്യൂനപക്ഷത്തെ ഭൂരിപക്ഷത്തിൽ പരിവർത്തിക്കുന്നതിനായി ഒരു എടുത്തുചാട്ടം അല്ലാഹു നമ്മിൽ നിന്ന് നടത്തിപ്പിക്കുകയാണ്, ഓരോ ത്യാഗവും ചെയ്യുന്നത്. ഖുദ്ദൂസ് ശഹീദ് പോലുള്ള ത്യാഗങ്ങൾ നൂറുകണക്കിന് കുതിപ്പുകൾക്കായുള്ള കാരണമായി മാറിയിരിക്കുന്നു. ഇൻശാ അല്ലാഹുതആല കാരണമായി മാറുന്നതുമായിരിക്കും.

നമ്മുടെ പ്രതിപ്രവർത്തനം നിരാശയുമല്ല, തീവ്രവാദവുമല്ല. നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് അല്ലാഹു ചെയ്തിരിക്കുന്ന വാഗ്ദാനങ്ങളിൽ പരിപൂർണ്ണ വിശ്വാസമുണ്ട്. എന്നല്ല നാം അത് പൂർത്തിയായിക്കൊണ്ടിരിക്കുന്നതും കാണുന്നു. അദ്ദേഹത്തിനോടും അദ്ദേഹത്തിന്റെ ജമാഅത്തിനോടും അല്ലാഹു സഹനവും ദുആയും മുഖേന തങ്ങളുടെ ജോലി ചെയ്ത്കൊണ്ട് മുന്നേറാനാണ് പറഞ്ഞിരിക്കുന്നത്. അങ്ങനെ വിജയത്തെക്കുറിച്ചുള്ള വാഗ്ദാനം നൽകുകയും ചെയ്തു. നമ്മിൽ നിന്ന് നമ്മുടെ തഖ്ദീറിനെ അപഹരിക്കാൻ ആർക്കാണ് സാധിക്കുക. അത് അല്ലാഹു തീരുമാനിച്ചിരിക്കുന്നതാണ്. നമ്മുടെ അക്ഷമ, നമ്മുടെ ഈമാന്റെ ബലഹീനത, നമുക്ക് വിധിക്കപ്പെട്ടിരിക്കുന്ന ആ വിജയത്തിൽ നിന്ന് ദൂരപ്പെടുത്താതിരിക്കട്ടെ എന്ന്നാം ദുആ ചെയ്യേണ്ടതാണ്.

അഹ്മദിയ്യ ജമാഅത്ത് രാജ്യനിർമ്മിതിയിലും അതിന്റെ സംസ്ഥാപനത്തി ലും പുരോഗതിയിലും പങ്കാളികളായിട്ടുണ്ട് എന്ന കാര്യം ഓർക്കുക. ത്യാഗങ്ങളും ചെയ്തിട്ടുണ്ട്.ഇന്നും രാജ്യത്തെ അഹ്മദികളുടെ ദുആ തന്നെയാണ് രക്ഷിക്കുന്നതും രക്ഷിക്കാൻ സാധിക്കുന്നതും. നാം നമ്മുടെ പൂർവ്വികർ ഈ രാജ്യത്തിനായി നൽകിയ അവരുടെ ത്യാഗങ്ങൾ, ഈ ദുഃഖവും, ബുദ്ധിമുട്ടും ശഹാദത്തും കാരണം ഇൻശാ അല്ലാഹ് പാഴാക്കി കളയുകയില്ല.

ഈ അക്രമം ഇല്ലാതാക്കാൻ ഒരൊറ്റ ചികിത്സ മാത്രമാണുള്ളത്. ഈ രാജ്യത്തെ രക്ഷിക്കാൻ ഒരേയൊരു മാർഗമാണുള്ളത്. മുമ്പത്തേക്കാൾ ഉപരിയായി അല്ലാഹുവിന്റെ മുമ്പിൽ കുനിഞ്ഞുകൊണ്ട് അവനോട് അനുഗ്രഹം തേടുക. നാം മർദ്ദിതരായിക്കൊണ്ട് തഖ്വയും സഹനവും, തവക്കലും, സ്ഥിരചിത്തതയും, ദുആയും, ഇസ്തിഗ്ഫാറും മുഖേന മുമ്പത്തേക്കാൾ ഉപരിയായി പ്രവർത്തിക്കുകയാണെങ്കിൽ ഇൻശാ അല്ലാഹുതആല വിജയത്തിന്റെ ദൃശ്യം വളരെ പെട്ടെന്ന് കാണുന്നതായിരിക്കും. അല്ലാഹു അങ്ങനെ ആക്കിത്തീർക്കുമാറാകട്ടെ. നാം പാക്കിസ്ഥാനിൽ നിന്നും മറ്റു ഇസ്ലാമിക രാജ്യങ്ങളിൽ നിന്നും മതത്തിന്റെ പേരിലുള്ള അതിക്രമം എത്രയും പെട്ടെന്ന് ഇല്ലാതാവുന്നതായി കാണുന്നവരായിത്തീരട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ദൈവനിയോഗിതർക്കും അവരുടെ ജമാഅത്തുകൾക്കും ഭൂകമ്പങ്ങൾ വരുന്നു. നാശത്തിന്റെ ഭയം ഉണ്ടാകുന്നു. വിവിധങ്ങളായ ഭയാശങ്കകൾ നേരിടേണ്ടി വരുന്നു. അവരെ കള്ളവാദികളാക്കുന്നു എന്നതിന്റെ അർത്ഥം ഇതുതന്നെയാണ്. മറ്റൊന്ന് ഈ സംഭവങ്ങൾ കൊണ്ടുള്ള പ്രയോജനം താത്കാലിക വിശ്വാസികളെയും ദൃഢവിശ്വാസികളെയും വേർതിരിച്ചറിയാൻ സാധിക്കുന്നു. കാരണം താത്കാലിക വിശ്വാസികൾ സുഖാഢംഭരങ്ങൾ വരെ മാത്രമേ ഉണ്ടായിരിക്കൂ. ബുദ്ധിമുട്ടുകൾ വരുമ്പോൾ അവർ ഒഴിഞ്ഞുമാറുന്നു. ഏതുവരെ പരീക്ഷണമില്ലാത്തിടത്തോളം ഒരു അടയാളവും പ്രകടമാകാറില്ല എന്നതാണ് എന്നോടൊപ്പം ഇതുവരേയുള്ള അല്ലാഹുവിന്റെ സുന്നത്ത്. തന്റെ ദാസരെ പരീക്ഷണത്തിൽ അകപ്പെടുത്തുക എന്നതുതന്നെയാണ് അല്ലാഹുവിന് തന്റെ ദാസരോടുള്ള വലിയ സ്നേഹം. അവൻ പറയുന്നു:

**വ ബശ്ശിരിസ്സ്വാബിരീൻ അല്ലദീന ഇദാ അസ്വാബത്ഹും മുസ്വീബത്തും ഖാലൂ ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ**

അതായത് എല്ലാവിധത്തിലുള്ള ദുഖത്തിലും ബുദ്ധിമുട്ടിലും അവരുടെ മടക്കം അല്ലാഹുവിലേക്കായിരിക്കും. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ സ്ഥിരചിത്തത കൈവരിക്കുന്നവർക്കായിരിക്കും ലഭിക്കുക. സന്തോഷത്തിന്റെ ദിനങ്ങൾ കാണാൻ ഭംഗിയുള്ളതായിരിക്കും. എന്നാൽ അതിന്റെ പര്യവസാനത്തിൽ ഒന്നും തന്നെ ഉണ്ടായിരിക്കുകയില്ല. ഉല്ലാസത്തിൽ കഴിച്ചുകൂട്ടുന്നതിൽ അവസാനം അല്ലാഹുവുമായുള്ള ബന്ധം വിച്ഛേധിക്കപ്പെടുന്നതാണ്. പരീക്ഷണത്തിൽ അകപ്പെടുത്തുകയും അതുമുഖേന തന്റെ ദാസന്റെ മഹത്വം വെളിപ്പെടുത്തുകയും ചെയ്യുക എന്നതാണ് അല്ലാഹുവിന്റെ സ്നേഹം. റസൂൽ തിരുമേനി (സ) യെ തടവിലാക്കാനുള്ള കൽപന കിസ്റാ നൽകപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ അയാൾ ആ രാത്രി വധിക്കപ്പെട്ടു എന്ന അത്ഭുത ദൃഷ്ടാന്തം എങ്ങനെ പ്രകടമാകും. മക്കക്കാർ അദ്ദേഹത്തെ പുറത്താക്കിയിരുന്നുവെങ്കിൽ *ഫതഹ്നാ ലക ഫത്ഹൻ മുബീന* എന്ന ശബ്ദം എങ്ങനെ കേൾക്കാൻ സാധിക്കും. എല്ലാ മുഅ്ജിസത്തുകളും പരീക്ഷണവുമായി ബന്ധപ്പെട്ടതാണ്. അശ്രദ്ധയും സുഖലോലുപവുമായ ജീവിതത്തിന് അല്ലാഹുവുമായി യാതൊരു ബന്ധവുമില്ല. വിജയത്തിന് മേൽ വിജയമാണെങ്കിൽ വേദനയുടെയും ഉള്ളുരുക്കത്തിന്റെയും ബന്ധം ഉണ്ടാവുകതന്നെയില്ല. പക്ഷേ അല്ലാഹു ഇതാണ് ഇഷ്ടപ്പെടുന്നത്. വേദനജനകമായ അവസ്ഥകൾ ഉണ്ടാവേണ്ടത് അനിവാര്യമാണ്.

അല്ലാഹു നമുക്ക് ഓരോരുത്തർക്കും ഈമാനിൽ പുരോഗതി നൽകുമാറാകട്ടെ. നൽകിക്കൊണ്ടേയിരിക്കട്ടെ. വിജയത്തിന്റെയും സഹനത്തിന്റെയും ദൃശ്യം നമുക്ക് വേഗത്തിൽ കാണിച്ചുതരുമാറാകട്ടെ. ഈ ത്യാഗങ്ങൾ സ്വീകരിക്കുമാറാകട്ടെ. ശഹീദ് മർഹൂമിന്റെ സ്ഥാനവും കൂടുതൽ ഉയർത്തുമാറാകട്ടെ.

ജുമുഅ നമസ്കാരത്തിന് ശേഷം ഞാൻ ശഹീദിന്റെ ജനാസാ ഗായിബും നമസ്ക്കരിക്കുന്നതായിരിക്കും. അദ്ദേഹത്തിന്റെ സംക്ഷിപ്തമായ ചരിത്രം കേൾപ്പിക്കാം. ഇദ്ദേഹത്തിന്റെ പിതാവിന്റെ പേര് മിയാൻ മുബാറക്ക് അഹ്മദ് സാഹിബ് എന്നാണ്. ഇദ്ദേഹം സിയാൽകോട്ട് കാരനാണ്. അദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്തിന്റെ തുടക്കം ഇദ്ദേഹത്തിന്റെ പ്രപിതാമഹൻ ബഹുമാനപ്പെട്ട മിയാൻ അഹ്മ്മദ് യാർ സാഹിബ് (റ)വിലൂടെയാണ് ഉണ്ടായത്. ഇദ്ദേഹം ഗുജ്റാൻ വാലയിലെ പിഫോസ് വാലാ വാസിയായിരുന്നു. ഇദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കൈകളിൽ ബൈഅത്ത് ചെയ്യുകയും സഹാബി എന്ന് പറയപ്പെടുകയും ചെയ്തു. ഇതുപോലെതന്നെ ഇദ്ദേഹത്തിന്റെ പ്രപിതാമഹി ബഹുമാനപ്പെട്ട മെഹ്നാബ് ബീബി സാഹിബ് (റ) ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സഹാബയായിരുന്നു.

മാസ്റ്റർ അബ്ദുൽ ഖുദ്ദൂസ് സാഹിബ് ശഹീദ് 1968 ൽ ജനിച്ചു. ജൻമനാ അഹ്മദിയ്യായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. ശഹാദത്തിന്റെ സമയത്ത് അദ്ദേഹത്തിന് 43 വയസ്സായിരുന്നു. അദ്ദേഹം എഫ്.എ വരെ പടിക്കുകയും ടി.ടി.സി. യുടെ കോഴ്സ് ചെയ്യുകയും ടീച്ചറായി ജോലി ലഭിച്ചു. മാസ്റ്റർ സാഹിബ് ശഹീദിന്റെ വിവാഹം 1997 ൽ റോബീന ഖുദ്ദൂസ് സാഹിബ ബിൻത്ത് ബിശാരത്ത് അഹ്മദ് സാഹിബ് മിർപാർ ഗുജറാൻ വാലയുമായി നടന്നു. ഞാൻ പറഞ്ഞതുപോലെ അദ്ദേഹം സ്കൂൾ ടീച്ചറായിരുന്നു. ഏകദേശം 20 വർഷത്തെ സർവ്വീസ് ഉണ്ടായിരുന്നു. ഗവൺമെന്റ് സ്കൂൾ ടീച്ചറായിരുന്നു. റബ്വയിൽ ദാറുശുമാലിയിൽ പഠിപ്പിച്ച് കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ സഹപ്രവർത്തകരായ അധ്യാപകരുടെ അഭിപ്രായത്തിൽ അദ്ദേഹം അങ്ങേയറ്റം പരിശ്രമിക്കുന്ന സത്യസന്ധനായ അധ്യാപകരിൽ ഉൾപ്പെട്ട ആളായിരുന്നു. മുഹല്ല നുസ്റാത്താബാദിൽ താമസിക്കുന്നതിന് മുമ്പ് മുഹല്ല ദാറുറഹം ശിർവിയിലായിരുന്നു താമസിച്ചിരുന്നത്. മുഹല്ല ദാറുറഹം ശിർക്കയിൽ അദ്ദേഹത്തിന് അത്ഫാലുൽ അഹ്മദിയായുടെ കാലഘട്ടത്തിൽ മജ്ലിസിന്റെ പ്രവർത്തനങ്ങളിൽ ആവേശത്തോടെ പങ്കെടുക്കുന്നതിനുള്ള തൗഫീഖ് ലഭിച്ചു. 5-ാം ക്ലാസിൽ പഠിച്ചുകൊണ്ടിരിക്കുന്ന കാലം മുതൽ ജമാഅത്തിന്റെ സേവനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. മജ്ലിസിൽ ഖുദ്ദാമുൽ അഹ്മദിയായിൽ മുൻതസീം അത്ഫാൽ പിന്നീട് 10 വർഷത്തോളം സയിം ഹൽഖയുടെ സ്ഥാനത്ത് അവരോധിതനായിരുന്നു. 1994 ൽ നുസ്റത്താബാദിലേക്ക് മാറിതാമസിച്ചു. ഇവിടെയും വളരെ വേഗം ജമാഅത്തി പ്രവർത്തനങ്ങളിൽ പങ്കാളിയായി. മുഹല്ല നുസറത്താബാദിൽ സയീം ഹൽഖയായും മജ്ലിസ് സ്വിഹത്തിന്റെ മേൽനോട്ടത്തിൽ വഞ്ചിതുഴച്ചിലിന്റെ ഇൻചാർജ് ആയിരുന്നു. വഞ്ചി തുഴയലും നീന്തലും ഇദ്ദേഹത്തിന് നല്ലപോലെ അറിയാമായിരുന്നു. സേവനത്തിനുള്ള ഭാഗ്യം ലഭിച്ചു. രണ്ടര വർഷം മുമ്പ് സദർ മുഹല്ലയായി തിരഞ്ഞെടുക്കപ്പെട്ടു. സദർ മുഹല്ലയായി വളരെ ഉന്നതമായ നിലയിൽ സേവനം ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ മുഹല്ലയിലെ ആളുകളുടെ അഭിപ്രായത്തിൽ ശഹീദ് വളരെ നല്ല നിലയിൽ പെരുമാറുന്ന ഉയർന്ന നിശ്ചയദാർഢ്യമുള്ള വ്യക്തിത്വത്തിന് ഉടമയായിരുന്നു. അദ്ദേഹത്തോട് അഥവാ ആരെങ്കിലും ശക്തമായ വാക്കുകളോ ശക്തമായ രീതിയിലോ എന്തെങ്കിലും പറഞ്ഞാൽ തന്നെയും അദ്ദേഹം അത് ചിരിച്ച്കൊണ്ട് തള്ളിക്കളയുമായിരുന്നു. ഭാരവാഹികളും ഓർത്തിരിക്കേണ്ടതാണ്. ഈ രീതിയായിരിക്കണം ഓരോ ഭാരവാഹിയുടേതും. അദ്ദേഹത്തിന് മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായിൽ കേന്ദ്ര സുരക്ഷാ വിഭാഗത്തിലും ഒരു ദീർഘകാലം സേവനം ചെയ്യാനുള്ള തൗഫീഖ് ലഭിച്ചു. 2002 മുതൽ ശഹാദത്ത് വരെ ഹിഫാസത്തെ മർക്കസിന്റെ കീഴിൽ ഇദ്ദേഹം ഒരു വകുപ്പിന്റെ ഇൻചാർജ് ആയിരുന്നു. എല്ലാ ഡ്യൂട്ടിക്കാരോടും ഉദ്യോഗസ്ഥരോടും വളരെ സ്നേഹത്തോടെ പെരുമാറുമായിരുന്നു. അവരുടെ ഭക്ഷണത്തിനും അധികനേരം ഡ്യൂട്ടിയുണ്ടെങ്കിൽ ചായയും മറ്റു സംവിധാനവും സ്വയം അവർക്ക് എത്തിച്ചുകൊടുക്കുമായിരുന്നു. ഖുദ്ദാം ഇദ്ദേഹം കാരണം വളരെ സന്തോഷവാന്മാരായിരുന്നു. മാസ്റ്റർ അബ്ദുൽ ഖുദ്ദൂസ് ശഹീദ് അങ്ങേയറ്റത്തെ സത്സ്വഭാവത്തിന്റെ ഉടമയായിരുന്നു. ഖിദ്മത്തെ ഖൽഖ് എന്നത് ഒരു ഭ്രാന്തമായ ആവേശം പോലെയായിരുന്നു. ചിനാബ് നദിയിൽ എപ്പോഴെങ്കിലും ആരെങ്കിലും മുങ്ങിപ്പോയാൽ അഹ്മദി അനഹ്മദി എന്നിങ്ങനെ വ്യത്യാസം കൽപ്പിക്കാതെ അവരുടെ മൃതശരീരം കണ്ടുപിടിക്കാൻ തന്റെ സഹചരുടെ മേൽനോട്ടം വഹിച്ചുകൊണ്ട് ദിനരാത്രങ്ങൾ പരിശ്രമിക്കുമായിരുന്നു. മൃതശരീരം കണ്ടെത്തുന്നതുവരെ സമാധാനത്തോടെ ഇരിക്കുമായിരുന്നില്ല. ചെറുപ്പം മുതൽ മരണം വരെ വിവിധ ജമാഅത്തി പദവികൾ വഹിക്കുവാനുള്ള ഭാഗ്യം ലഭിച്ചു. ശഹീദ് മർഹൂം അനുസരണത്തിന്റെ ഒരു മാതൃകയായിരുന്നു. ജമാഅത്തിന്റെ ഭാരവാഹികളുടെ അഭിമാനം വളരെ അധികം ശ്രദ്ധിക്കുന്ന ആളായിരുന്നു. വിദ്യാർത്ഥിയായിരിക്കെതന്നെ അദ്ദേഹത്തിന് കായിക മത്സരങ്ങളിൽ പങ്കെടുക്കാൻ വലിയ ആവേശമായിരുന്നു. കബടി, ഫുട്ബോൾ, ക്രിക്കറ്റ്, ഹോക്കി, വഞ്ചി തുഴയൽ എന്നിവയുടെ ഒരു നല്ല കളിക്കാരനായിരുന്നു. എന്നാൽ ഇദ്ദേഹത്തിൽ ഒരു പ്രത്യേകത ഡ്യൂട്ടി ചെയ്യുമ്പോൾ ഞാൻ കണ്ടിട്ടുള്ളത് ഒരിക്കലും മുന്നിൽ വന്ന് ഡ്യൂട്ടി ചെയ്യണം എന്ന ആഗ്രഹം ഉണ്ടായിരുന്നില്ല. യാതൊരു പേരും പ്രശസ്തിയും ആഗ്രഹിച്ചിരുന്നില്ല. ഇദ്ദേഹം എന്നോടൊപ്പവും ഡ്യൂട്ടി നൽകിയിട്ടുണ്ട്. ചിലർക്ക് ഇൻചാർജ് ആയാൽ ഓടിച്ചാടി മുന്നിൽ വരാൻ ചിലർക്ക് ആവേശമുണ്ടാകാറുണ്ട്. പിന്നിൽ നിൽക്കുകയും തന്റെ കീഴിയുലുള്ളവരെ മുന്നിലാക്കുകയും ചെയ്യാറുണ്ടായിരുന്നു. മാതാവിന്റെ ആഗ്രഹം ജാമിഅയിൽ പോകണം എന്നതായിരുന്നു. എന്നാൽ ആ ആഗ്രഹം പൂർത്തിയാക്കാൻ സാധിച്ചില്ല. പരേതന്റെ ഭാര്യ പറയുന്നു. വളരെ നല്ല നിലയിൽ പെരുമാറുന്ന, സ്നേഹി

ക്കുന്ന, നന്ദി പ്രകടിപ്പിക്കുന്ന സഹാനുഭൂതിയുള്ള, ദുആ ചെയ്യുന്ന വ്യക്തിയായിരുന്നു. ഞങ്ങളെ എല്ലാവരേയും വളരെ അധികം ശ്രദ്ധിച്ചിരുന്നു. രൂക്ഷമായ നിലപാട് ഒരിക്കലും തന്നെ എടുക്കുമായിരുന്നില്ല. ബുദ്ധിമുട്ടുകളും ക്ലേശങ്ങളും ഉണ്ടായിരുന്നിട്ടും ബന്ധുക്കളുടെ സന്തോഷത്തിൽ പങ്കെടുക്കുമായിരുന്നു. ശഹാദത്തിന് ഒരു ദിവസം മുമ്പ് കുട്ടികളെ സഹനത്തെക്കുറിച്ചും, ധൈര്യത്തെക്കുറിച്ചും, ഖിലാഫത്തുമായുള്ള ബന്ധത്തെക്കുറിച്ചും ഉപദേശിച്ചു. ഇദ്ദേഹത്തിന്റെ സന്താനപരമ്പരയിലും അല്ലാഹു ഇത് നിലനിർത്തുമാറാകട്ടെ.

ഇദ്ദേഹത്തിന്റെ ഭാര്യ എനിക്ക് എഴുതിയ കത്തിൽ ഇതും എഴുതിയിരിക്കുന്നു. നിനക്ക് എന്നെ വീണ്ടും ഓർമ്മവരും എന്ന് എന്റെ ഭർത്താവ് എന്നോട് എല്ലായ്പ്പോഴും പറയുമായിരുന്നു. കാരണം അദ്ദേഹത്തിന് തന്നെക്കുറിച്ച് മുമ്പുതന്നെ എന്തോ അറിയുമായിരുന്നു. അവസാന നിമിഷത്തിലും ഈ ഉപദേശമാണ് നൽകിയത്. എന്റെ മാതാവിനെ ശ്രദ്ധിക്കണം കുട്ടികളെ ശ്രദ്ധിക്കണം.

ഏതായിരുന്നാലും അവർക്ക് അദ്ദേഹത്തെ തീർച്ചയായും ഓർമ്മവരും. എന്നാൽ റബ്വാ വാസികളും ഖുദ്ദൂസ് ശഹീദിനോട് ഇപ്രകാരം പ്രതിജ്ഞ ചെയ്യേണ്ടതാണ്. ഞങ്ങളും താങ്കളുടെ ഔദാര്യം വിസ്മരിക്കുന്നവരല്ല. അദ്ദേഹം ജമാഅത്തിന് വളരെയധികം ഔദാര്യം ചെയ്തിരിക്കുന്നു. ഔദാര്യം ചെയ്യുന്നവരെ ജമാഅത്ത് ഒരിക്കലും വിസ്മരിക്കാറില്ല. നമുക്കും ഇദ്ദേഹത്തെ എപ്പോഴും ഓർമ്മയുണ്ടായിരിക്കും.

ഫോണിൽ ഇദ്ദേഹത്തിന്റെ വൃദ്ധയായ മാതാവുമായി ഞാൻ സംസാരിച്ചിരുന്നു. എന്നാൽ വളരെ സ്ഥിരചിത്തതയുള്ളവരായിരുന്നു. കുട്ടികളോടും സംസാരിച്ചു. അവർ മാശാ അല്ലാഹ് തങ്ങൾ ദുഃഖിതരായിരുന്നിട്ടും എന്റെ സുഖവിവരം അന്വേഷിക്കുകയായിരുന്നു. ഭാര്യയോടും സംസാരിച്ചു. അവരും വളരെ ക്ഷമയുള്ളവരും നന്ദിയുള്ളവരുമാണ്. അല്ലാഹു ഇവർക്ക് എല്ലാവർക്കും സഹനത്തിനുള്ള തൗഫീഖ് നൽകട്ടെ. ഇവരുടെ സംരക്ഷകനും സഹായിയുമായിത്തീരട്ടെ. ഇദ്ദേഹത്തിന്റെ വൃദ്ധരായ മാതാപിതാക്കളാണ്. ഇദ്ദേഹത്തിന്റെ പിതാവ് ഹോളണ്ടിലാണ് താമസിക്കുന്നത്. എന്നാൽ മാതാവ് അവിടെ ഖുദ്ദൂസ് സാഹിബിനോടൊപ്പമാണ് താമസിച്ചിരുന്നത്. ഞാൻ പറഞ്ഞതുപോലെ ഇദ്ദേഹത്തിന്റെ ഭാര്യയുണ്ട്. ഇത് കൂടാതെ ഒരു മകനുണ്ട് 14 വയസ്സ് അബ്ദുസലാം 8-ാം ക്ലാസിലെ വിദ്യാർത്ഥിയാണ്. അബ്ദുൽ ബാസിത് 13 വയസ്സാണ് പ്രായം 7-ാം ക്ലാസിൽ, അബ്ദുൽ വഹാബ് 5 വയസ്സാണ് ഒന്നാം ക്ലാസിൽ , ഒരു മകൾ അത്തിയത്തുൽ ഖുദ്ദൂസ് 10 വയസ്സ് നാലാം ക്ലാസിലാണ്. അല്ലാഹു ഈ എല്ലാ കുട്ടികളുടെയും സഹായിയായിരിക്കട്ടെ. ഇൻശാ അല്ലാഹുതആല ജുമുഅ നമസ്ക്കാരത്തിന് ശേഷം ഇദ്ദേഹത്തിന്റെ ജനാസ ഗാഇബ് നമസ്ക്കരിക്കുന്നതായിരിക്കും.

## PRINTED BOOKS

**To**

**From**
**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 April 6 at : Baitul Futuh London
Translation: Sulthan Nazeer 09544274240

Typing: M.P.Abdul Latif, Calicut.
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**